കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജൂലൈ 2021 വാല്യം 60 ലക്കം 7



## എന്റെ കർത്താവേ എന്റെ ദൈവമേ...

# യാത്രാമംഗളങ്ങൾ



മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ



ഫാ. ജോസ് കുഴികണ്ണിയിൽ



ഫാ. ജോസ് പുല്ലോപ്പിള്ളിൽ

**രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസായി സേവനം അനുഷ്ഠിച്ച ബഹു. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അച്ചനും രൂപതയുടെ പ്രൊക്കുറേറ്ററായി സേവനം അനുഷ്ഠിച്ച ബഹു. ജോസ് കുഴികണ്ണിയിൽ അച്ചനും രൂപതയുടെ ചാൻസിലറായി സേവനം അനുഷ്ഠിച്ച ബഹു. ജോസ് പുല്ലോപ്പിള്ളിൽ അച്ചനും രൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും**

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജൂലൈ 2021 വാല്യം 60 ലക്കം 7

## ഉള്ളടക്കം


5 ഇടയലേഖനം – സഭാദിനം
12 ദുക്റാന തിരുനാൾദിന സന്ദേശം
17 കെ. സി. ബി. സി. സർക്കുലർ
22 യുവജനദിനം – സർക്കുലർ
26 രൂപതക്കച്ചേരി
32 മൈനർ സെമിനാരി
33 വിജ്ഞാനഭവൻ
35 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
36 സോഷ്യൽ സർവീസ്
39 ചെറുപുഷ്പ മിഷൻലീഗ്
40 കെ. സി. എസ്. എൽ.
41 മാതൃവേദി
41 ഡി. എഫ്. സി.
42 യുവദീപ്തി–KCYM
43 ജീസസ് യൂത്ത്
44 പ്രാർത്ഥനാഗ്രൂപ്പ്
46 കേരള ലേബർ മൂവ്മെന്റ്
47 തിരുനാൾ മംഗളങ്ങൾ
48 രൂപതാദ്ധ്യക്ഷന്റെ ഡയറി
49 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
50 നിര്യാതരായി





**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 12 ഇടയലേഖനം

Page 17 കെ.സി.ബി.സി. സർക്കുലർ

Page 31 ജൂബിലി സ്മാരക സ്കോളർഷിപ്പ്


## തിരുനാളുകൾ



**3**
മാർ തോമ്മാശ്ലീഹാ
യുടെ ദുക്റാന
തിരുനാൾ



**11**
വി. ബനഡിക്ട്



**15**
വി. കുര്യാക്കോസും
വി. ജൂലിറ്റായും



**16**
കർമ്മല മാതാവ്



**22**
വി. മഗ്ദലേന മറിയം



**25**
വി. യാക്കോബ്
ശ്ലീഹാ




**26**
വി. യോവാക്കിമും
വി. അന്നായും



**28**
വി. അൽഫോൻസ




**31**
വി. ഇഗ്നേഷ്യസ്
ലയോള

Prot. No.0671/2021

# ഇടയലേഖനം

## സഭാദിനം - ദുക്റാനതിരുനാൾ

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ജൂലൈ മൂന്ന് വലിയ ഒരു ഓർമ ഉണർത്തുന്ന ദിവസമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ ഓർമ. ദുക്റാനതിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ എന്നാണ്. 2013 മുതൽ ദുക്റാനതിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാദിനവും കഴിഞ്ഞ വർഷത്തേതുപോലെ കോവിഡ്-19-ന്റെ പശ്ചാത്തലത്തിലാണ് ആഘോഷിക്കേണ്ടി വരുന്നത്.

**മഹാമാരിയുടെ പശ്ചാത്തലം**

കോവിഡ്-19-ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയകരമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഔദ്യോഗിക കണക്കനുസരിച്ച് ഇതിനകം ഭാരതത്തിൽ 387000 -ത്തോളം ആളുകൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 12000-ൽ അധികംപേർ കേരളത്തിൽ നിന്നുതന്നെയാണ്. മരണമടഞ്ഞവരെയും അവരുടെ കുടുംബങ്ങളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധമൂലം ഉണ്ടായ ആരോഗ്യപ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെ ഈ രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും

പ്രതിരോധശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനുള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമാർജനത്തിനായി ജീവൻപോലും പണയംവച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീപരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യപ്രവർത്തകർക്കു നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹിക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസ്ഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു. കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധികളിലൂടെയാണു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ നിയന്ത്രണ വിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധ പ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായ നേതാക്കളും വലിയ പ്രതിബദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

**മാർ തോമാ ചൈതന്യവും മാതൃകയും**

ഈ കോവിഡ് കാലത്തു മാർ തോമാശ്ലീഹായിൽനിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നായിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ശിഷ്യന്മാർ കൂടുതൽ ശക്തി നേടി സുവിശേഷപ്രഘോഷകരും സാക്ഷികളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മ ചൈതന്യത്തിലാണു തോമാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും ക്രൈസ്തവസമൂഹങ്ങൾക്കു രൂപം കൊടുത്തതും. അന്നത്തെ പലസ്തീനായിൽനിന്ന് ഇന്ത്യവരെയുള്ള യാത്രയും ഇന്ത്യയിലെ

പ്രവർത്തനങ്ങളും തോമാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമാശ്ലീഹാ ഭാരതത്തിലേക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമത്തേത്, കരമാർഗം ഉത്തരഭാരതത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേയ്ക്കും. തോമാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേണ്ടതാണ്. തോമാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകടമാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചുകൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ അവിടത്തെ കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നു പറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമാശ്ലീഹാ പറഞ്ഞു 'നമുക്കും അവനോടുകൂടി പോയി മരിക്കാം' (യോഹ.11:16). പിന്നീട്, തോമാശ്ലീഹാ ഭാരതത്തിൽ വന്നു 'ഈശോയോടൊപ്പം' മരിച്ചുവല്ലോ. കർത്താവിന്റെ സുവിശേഷത്തെയും ജീവിതത്തെയും കുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടു തന്നെ ചോദിച്ചു മനസിലാക്കാനുള്ള ആത്മധൈര്യവും തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടു പോകാറായി എന്നറിയിക്കുകയും പോകുന്നിടത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമെന്നു സൂചിപ്പിക്കുകയും ചെയ്തപ്പോൾ തോമാശ്ലീഹായാണ് ഈശോയോടു ചോദിച്ചത്, 'കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?' എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, 'ഞാനാകുന്നു വഴിയും സത്യവും ജീവനു'മെന്ന (യോഹ.14:6) സുപ്രധാനമായ വെളിപ്പെ ടുത്തൽ ഈശോ നടത്തിയത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗം എന്ന സത്യം നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാശ്ലീഹായ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമാശ്ലീഹായുടെ സാന്നിധ്യവും ഇടപെടലുകളും ഈശോയിൽ വിശ്വസിക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

**ഓൺലൈൻ ശൈലി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഏകോപനം സി. ബി. സി. ഐ., കെ. സി. ബി. സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിതസമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ

വിധത്തിൽ സഭാജീവിതത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധത്തിൽ നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു!

കോവിഡ്-19ന്റെ സാഹചര്യം മൂലം 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ് നടത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ പരി. സിംഹാസനം നൽകിയിട്ടുണ്ട്.

**സഭാ വാർത്തകൾ**

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ച കാര്യം ഇതിനകം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി കഴിഞ്ഞ മെയ് മാസം 28-ാം തീയതി ചാർജ് എടുത്തിട്ടുണ്ട്. പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോയെ നമുക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച്ബിഷപ് ജംബത്തിസ്ത്ത ദിക്വാത്രോയ്ക്കു നമുക്കു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാം. സീറോമലബാർസഭാംഗങ്ങളായ മെത്രാന്മാർ ഭാരതത്തിലും വിദേശരാജ്യങ്ങളിലും ലത്തീൻ രൂപതകളിൽ ശുശ്രൂഷ ചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സന്യാസസമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാംശസകളും! നമ്മുടെ സഭയിലെ വൈദികപരിശീലനം ലോക്ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ

സെമിനാരി കമ്മീഷനുകളും സന്യാസസമൂഹങ്ങളും സെമിനാരികളിലെ ഉത്തരവാദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരി. സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകരണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസപരിശീലനപദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസ്സുകളും അധ്യാപകർക്കു വേണ്ടിയുള്ള ക്ലാസ്സുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസപരിശീലന ക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയംനിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽ നിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കിലെടുത്തു പല നൂതന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയിലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമാണവും സോഫ്റ്റ്വെയർ വികസിപ്പിക്കലും സീറോമലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാന പരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 'സീറോമലബാർ വിഷൻ', 'മൗണ്ട് വിഷൻ' എന്നീ രണ്ട് ഓൺലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോമലബാർ ഹെറിറ്റേജ് ആന്റ് റിസേർച് സെന്റർ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പത്തികപരാധീനതകൾ മൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർത്തനവും പ്രവാസികൾക്കായുള്ള കർമപരിപാടികളും ദൈവവിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പുകളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

**ജനക്ഷേമ പ്രവർത്തനങ്ങൾ**

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽസർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ.സി.ബി.സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി.ഒ.സി. കേന്ദ്രമായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസികളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിനോടു സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിതസമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനമർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന ക്ഷേമപദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധരാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്.

കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**അർഹമായ അവകാശങ്ങൾ**

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതിബദ്ധതയോടെയും സമഭാവനയോടെയും പ്രവർത്തിക്കണം. അതുപോലെ സംവരേണതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹ

മായ അവകാശങ്ങൾ വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപനവും ആരുടെയും ഭാഗത്തു നിന്നുണ്ടാകരുത്. സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവ സമീപനവും നഷ്ടപ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹിക വിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്. സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

**അവസാനമായി**

കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാക്കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്നതല്ല എന്ന തിരിച്ചറിവും ഈ കാലഘട്ടം നമുക്കു നൽകുന്നുണ്ട്. 'കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല... മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല' (സങ്കീ. 23:1-4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ള വർക്കു നൽകുവാൻ നല്ല സമറിയാക്കാരനെപ്പോലെ സമർപ്പണമനോഭാവത്തോടെ നമുക്കു പരിശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധകുർബാനയുടെ അനുഭവം ഏതെങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിടത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# ദുക്റാന തിരുനാൾദിന സന്ദേശം വിശ്വാസാനുഭവത്തിൽ നിന്ന് വിശ്വാസപ്രഘോഷണത്തിലേക്ക്

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ വി. തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ ആചരിക്കുന്ന ജൂലൈ മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. തിരുനാൾ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവം നേരുന്നു. രക്ഷകനും നാഥനുമായ ഈശോമിശിഹായിലുള്ള വിശ്വാസം തീക്ഷ്ണതയോടെ പ്രഘോഷിച്ച അപ്പസ്തോലനാണ് വി. തോമ്മാശ്ലീഹാ. സ്വന്തം ജീവൻ കൊടുത്ത് ഈ വിശ്വാസത്തിന് സാക്ഷിയാകാനും അദ്ദേഹത്തിന് സാധിച്ചു. വിശ്വാസസാക്ഷ്യത്തിന്റെ ഈ ദൗത്യം നാം ജീവിക്കുന്ന കാലഘട്ടത്തിൽ സമൂഹത്തിന് കൈമാറാനുള്ള ഉത്തരവാദിത്വം തോമ്മാശ്ലീഹായുടെ മക്കൾ എന്നഭിമാനിക്കുന്ന നമുക്കുണ്ട്. 2019-ൽ അസാധാരണപ്രേഷിത മാസം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ മുന്നോട്ടുവച്ച ആപ്തവാക്യം "Baptised and sent" (മാമ്മോദീസ സ്വീകരിച്ച് അയയ്ക്കപ്പെട്ടവർ.) ഇവിടെ പ്രസക്തമാണ്. വിശ്വാസികളായ നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനലക്ഷ്യം നാം അനുഭവിച്ചറിഞ്ഞ ദൈവാനുഭവം മറ്റുള്ളവരെ അറിയിക്കുക എന്നുള്ളതാണ്. ഈ ദൗത്യനിർവഹണം സാധിക്കണമെങ്കിൽ വിശ്വാസമെന്ന അമൂല്യ സമ്പത്തിന്റെ വില നാം മനസ്സിലാക്കണം. പൂർവ്വികരിലൂടെ കൈമാറിക്കിട്ടിയ ആത്മീയബോധ്യങ്ങളും വിശ്വാസസംബന്ധമായ കാഴ്ചപ്പാടുകളും പാരമ്പര്യങ്ങളും അഭിമാനത്തോടും സന്തോഷത്തോടുംകൂടി ജീവിതത്തിന്റെ ഭാഗമാക്കാനും പൊതുസമൂഹത്തിൽ ക്രൈസ്തവമൂല്യങ്ങൾക്കുവേണ്ടി ധീരമായി സാക്ഷ്യം വഹിക്കാനും നമുക്ക് കടമയു

ണ്ട്. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം" (1 കോറി. 9:16). വി. പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ നമ്മുടെ സുവിശേഷപ്രഘോഷണദൗത്യത്തിന്റെ പ്രസക്തി നമ്മെ ഓർമ്മിപ്പിക്കുന്നു.

ആധുനിക ലോകത്ത് ക്രൈസ്തവവിശ്വാസം പരസ്യമായി ഏറ്റുപറയുവാനും ക്രിസ്തീയവും സഭാപരവുമായ നിലപാടുകൾക്കുവേണ്ടി പൊതുസമൂഹത്തിൽ നിലകൊള്ളാനും വിമുഖത വളർന്നുവരുന്നത് ദൗർഭാഗ്യകരമാണ്. ഇത്തരം അസ്തിത്വപ്രതിസന്ധിയിലൂടെ നമ്മുടെ യുവജനങ്ങൾ ഉൾപ്പെടെയുള്ളവർ കടന്നുപോകുന്നതിന്റെ കാരണം എന്താണ്? ഈ ചോദ്യത്തിനുള്ള ഉത്തരങ്ങൾ പലതുണ്ട്. എങ്കിലും ഏറ്റവും പ്രധാനമായത് ക്രിസ്തീയ മൂല്യങ്ങളനുസരിച്ച് ജീവിക്കാൻ സാധിക്കാത്തതാണ്. അതുകൊണ്ടാവണം തങ്ങളുടെ ക്രിസ്തീയവ്യക്തിത്വം പരസ്യമായി വെളിവാക്കാൻ പലരും മടികാണിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ വിശ്വാസം ജീവിതബന്ധിയാകണം. അതോടൊപ്പം ആനുകാലിക സംഭവങ്ങളെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനും ഇടയാകണം. വിശ്വാസസത്യങ്ങളും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളും മനസ്സിലാക്കാനും പഠിക്കാനും സാധിക്കണം. ദൈവം പിതാവാണെന്നും ഈശോമിശിഹാ ഏകരക്ഷകനാണെന്നും നിത്യജീവിതമാണ് നമ്മുടെ ലക്ഷ്യമെന്നും ധൈര്യപൂർവം പ്രഘോഷിക്കാനുള്ള വിശ്വാസബോധ്യം നമുക്കുണ്ടോ എന്ന കാര്യം ആത്മാർത്ഥമായ ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

ഗുരുതരമായ വിശ്വാസപ്രതിസന്ധിയിലൂടെ കടന്നുപോകുന്ന അനേകർ നമ്മുടെയിടയിലുണ്ട്. അവർക്കാവശ്യമായ നിർദ്ദേശങ്ങളും ബോധ്യങ്ങളും നൽകാൻ നമുക്കു സാധിക്കണം. ഭൗതികവാദവും ഉപഭോഗസംസ്കാരവും നമ്മുടെ കുടുംബങ്ങളുടെ ആത്മീയ അന്തരീക്ഷത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ ബന്ധനങ്ങളിൽ നിന്ന് മോചനം സാധ്യമാകണമെങ്കിൽ ജീവിതത്തെ സംബന്ധിച്ച് സമഗ്രമായ കാഴ്ചപ്പാട് ആവശ്യമാണ്. ഈ ലോകത്ത് ആരംഭിച്ച് ഈ ലോകത്തു തന്നെ അവസാനിക്കുന്നതാണ് ജീവിതം എന്ന തീർത്തും ഭൗതികമായ കാഴ്ചപ്പാടിനെ, വിശ്വാസനിർഭരവും യുക്തിഭദ്രവുമായി സഭാപഠനങ്ങളുടെ വെളിച്ചത്തിൽ സ്നേഹത്തോടെ തിരുത്താൻ നമുക്ക് കട

മയുണ്ട്. മനുഷ്യജീവിതത്തിന്റെ ആദ്യഘട്ടം ഈ ഭൂമിയിലും രണ്ടാം ഘട്ടം ഈ ലോകജീവിതത്തിന് ശേഷമുള്ള നിത്യജീവിതവുമാണ് എന്നു മനസ്സിലാക്കാനുള്ള ആത്മീയ പക്വത ആർജ്ജിച്ചെടുക്കാൻ നമുക്കു സാധിക്കണം. അപകടകരമായ ഭൗതികവാദത്തെയും കച്ചവടസംസ്കാരത്തെയും മറികടക്കാനുള്ള വിശ്വാസിയുടെ ശക്തമായ ആത്മീയ ആയുധമാണ് മനുഷ്യജീവിതത്തെ സംബന്ധിച്ചുള്ള സമഗ്രമായ ഈ വീക്ഷണം.

പ്രതിസന്ധികളും കഷ്ടപ്പാടുകളും ഉണ്ടാകുമ്പോൾ വല്ലാതെ തളർന്നുപോവുകയും ആത്മവിശ്വാസവും ധൈര്യവും നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്ന ഒരു തലമുറ നമ്മുടെ സമൂഹത്തിലുണ്ട്. ജീവിതത്തിലെ പ്രതിസന്ധികളെ നേരിടുമ്പോൾ വിശ്വാസാധിഷ്ഠിതമായ പ്രതികരണങ്ങൾ കാണാത്തതിന്റെ കാരണം വിശ്വാസജീവിതത്തെക്കുറിച്ചും പ്രാർത്ഥനയെക്കുറിച്ചും വ്യക്തമായ ബോധ്യങ്ങൾ ഇല്ലാത്തതാണ്. "ആകയാൽ ഈശോ കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും" (റോമ 10:9). ഈ തിരുവചനത്തിന്റെ ശക്തിയിലാശ്രയിച്ച് ജീവിതപ്രതിസന്ധികളെ മറികടക്കാൻ നമുക്ക് സാധിക്കട്ടെ. വിശ്വാസവും പ്രാർത്ഥനയും പരസ്പരപൂരകങ്ങളാണ്. അടിയുറച്ച വിശ്വാസം ഉണ്ടെന്ന് പറയുകയും അതു പ്രഘോഷിക്കുവാനും പ്രാർത്ഥനാനിർഭരമായി ഏറ്റുപറയുവാനും സാധിക്കുന്നില്ലായെങ്കിൽ ഫലമില്ല. അതുപോലെ പ്രാർത്ഥനയും പ്രഘോഷണവുമുണ്ട് പക്ഷേ, ആഴമുള്ള വിശ്വാസമോ വ്യക്തമായ ബോധ്യങ്ങളോ ഇല്ലാത്ത അവസ്ഥയുമുണ്ട്. ഇതും അപകടകരമാണ്. വിശ്വാസത്തെയും പ്രാർത്ഥനാജീവിതത്തെയും പരസ്പരബന്ധിതവും സന്തുലിതവുമായി മുന്നോട്ടുകൊണ്ടുപോകാൻ നാം പരിശ്രമിക്കേണ്ടതുണ്ട്.

വി. തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ പശ്ചാത്തലത്തിൽ നമ്മുടെ പ്രേഷിതദൗത്യത്തെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമാണ്. ദൈവാനുഭവം ലഭിച്ചിട്ടുള്ള വ്യക്തികൾക്ക് പ്രേഷിതരാകാതിരിക്കാൻ സാധിക്കുകയില്ല. "എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. 4:20). അപ്പസ്തോലന്മാരുടെ ഈ വിശ്വാസ

ബോധ്യമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പ്രേഷിതയാത്ര ചെയ്യാൻ അവരെ പ്രേരിപ്പിച്ചത്. വി. തോമ്മാശ്ലീഹായെ സംബന്ധിച്ച് ഈ ദൈവാനുഭവത്തിന്റെ ആഴം വലുതാണ്. കർത്താവിന്റെ തിരുമുറിവുകളിൽ സ്പർശിക്കാനും ഉത്ഥിതനായ ഈശോയുടെ തിരുമുഖത്തു നോക്കി 'എന്റെ കർത്താവേ, എന്റെ ദൈവമേ' (യോഹ. 20: 28) എന്ന് ഏറ്റുപറയാനുമുള്ള അപൂർവഭാഗ്യം തോമ്മാശ്ലീഹായ്ക്കു ലഭിച്ചു. ഈശോയുടെ തിരുഹൃദയത്തിൽ നിന്നൊഴുകിയ ദൈവകരുണയും ദൈവസ്നേഹവും സ്വന്തം ഹൃദയത്തിൽ സ്വീകരിച്ച് സുവിശേഷ സന്ദേശവുമായി ദീർഘദൂരം സഞ്ചരിച്ച് ഭാരതത്തിലെത്തിയ വി. തോമ്മാശ്ലീഹായുടെ ധൈര്യവും പ്രേഷിതതീക്ഷ്ണയും നമുക്ക് മാതൃകയാകണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും ദൂരദേശങ്ങളിലേക്കും യാത്ര ചെയ്ത് സുവിശേഷപ്രഘോഷണം നടത്താൻ എല്ലാവർക്കും അവസരം ലഭിച്ചു എന്നുവരികയില്ല. എന്നാൽ, നാം ആയിരിക്കുന്ന ജീവിതാവസ്ഥയിൽ സുവിശേഷത്തിന് ജീവിതസാക്ഷ്യം നൽകാൻ സാധിക്കണം. കുടുംബങ്ങളിൽ മാതാപിതാക്കന്മാർ കുട്ടികൾക്ക് സ്വന്തം ജീവിത മാതൃകയിലൂടെ സുവിശേഷ സന്ദേശം പകർന്നു നൽകണം. അതുവഴി ചെറുപ്പം മുതൽ നമ്മുടെ കുട്ടികൾക്ക് ഈശോയോട് സ്നേഹവും സഭയോട് ആഭിമുഖ്യവും ഉണ്ടാകും. കുടുംബക്കൂട്ടായ്മകളിലും സംഘടനാസമ്മേളനങ്ങളിലും സുവിശേഷമൂല്യങ്ങൾ വിചിന്തനം ചെയ്യാനും സഭയുടെ പഠനങ്ങളും പ്രബോധനങ്ങളും ചർച്ച ചെയ്യാനും സമയം കണ്ടെത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിശ്വാസ സാക്ഷ്യത്തിനും സുവിശേഷപ്രഘോഷണത്തിനും ആധുനികമാധ്യമ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ നമുക്ക് കടമയുണ്ട്. ലോകത്തിന്റെ ഏത് കോണിലുള്ളവർക്കും സംലഭ്യമാകുന്ന രീതിയിൽ പഠനങ്ങളും പ്രബോധനങ്ങളും നൽകുവാൻ നമുക്ക് സാധിക്കും. നവമാധ്യമങ്ങളും സാമൂഹ്യമാധ്യമങ്ങളും വലിയ സ്വാധീനം ചെലുത്തുന്ന ഇക്കാലത്ത് ഈശോയുടെ രക്ഷാകരസന്ദേശം ലോകമെമ്പാടും എത്തിക്കാൻ ഇത്തരം സാധ്യതകൾ നമുക്ക് പരമാവധി പ്രയോജനപ്പെടുത്താം.

വിശ്വാസാനുഭവത്തിൽ നിന്ന് ഉയിരെടുക്കുന്ന പ്രേഷിതാഭിമുഖ്യം ശക്തിപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സുവിശേഷപ്രഘോഷണം വ്യക്തിതലത്തിലും കുടുംബതലത്തിലും സാമൂഹിക തല

ത്തിലും നവീകരിക്കാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. പ്രേഷിത ദൗത്യം ഫലപ്രദമായി നിർവ്വഹിക്കാൻ സഹായകരമായ നവീന സാധ്യതകളും സാഹചര്യങ്ങളും നമുക്കാവുംവിധം ഉപയോഗപ്പെടുത്താം. രക്ഷകനും നാഥനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് വി. തോമ്മാശ്ലീഹായുടെ മാതൃകയനുസരിച്ച് സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും ആത്മീയനവീകരണത്തിൽ നമുക്കും പങ്കുചേരാം. കാരുണ്യവാനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ദുക്റാന തിരുനാളിന്റെ പ്രാർത്ഥനാശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു. കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2021 ജൂലൈ 3-ാം തീയതി ശനിയാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3528/K-5/KCBC/OL/DS 21-06-2021

# കേരള കത്തോലിക്കാ മെത്രാൻസമിതി വർഷകാല സമ്മേളനാനന്തരം പുറപ്പെടുവിക്കുന്ന സർക്കുലർ

"കർത്താവേ, എന്നെ സുഖപ്പെടുത്തണമേ; അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കണമേ; അപ്പോൾ ഞാൻ രക്ഷപ്പെടും; അങ്ങു മാത്രമാണ് എന്റെ പ്രത്യാശ" (ജറെ. 17: 14) എന്ന ജറെമിയ പ്രവാചകന്റെ പ്രാർത്ഥനപോലെ നിരന്തരം ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് കോവിഡ്-19 എന്ന മഹാമാരിയെ നമ്മൾ നേരിടുകയാണ്. സൗഖ്യദായകനായ കർത്താവ് നമ്മെയും ലോകജനത മുഴുവനെയും ഒരിക്കലും കൈവെടിയുകയില്ല എന്ന പ്രത്യാശയാണ് നമ്മെ നയിക്കുന്നത്.

മഹാവ്യാധിയുടെ ഈ കാലത്ത് നമ്മുടെ പ്രിയപ്പെട്ട പലരും ഇഹലോകത്തുനിന്നു യാത്രയായി. അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്യസ്തർ, മാതാപിതാക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, ഉപകാരികൾ തുടങ്ങി പലരുടെയും വേർപാട് വലിയ നൊമ്പരം നമ്മിൽ സൃഷ്ടിച്ചിട്ടുണ്ട്. അവരുടെയെല്ലാവരുടെയും ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. നിത്യജീവന്റെ ഉറവിടമായ കർത്താവീശോമിശിഹാ അവരെ സ്വർഗീയ ഭവനത്തിൽ സ്വീകരിക്കട്ടെ. ഉറ്റവരുടെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മരിക്കുന്നു.

2021 ജൂൺ ഒന്നു മുതൽ മൂന്നു വരെ തീയതികളിലായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ വർഷകാല സമ്മേളനം ഓൺലൈൻ സംവിധാനം വഴി നടത്തി. പിതാക്കന്മാർ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും സഭാപ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്ത സമ്മേളനത്തിൽ, കോവിഡുകാലത്തെ സഭാശുശ്രൂഷകളെ സംബന്ധിച്ചു ദീർഘമായി ചർച്ച ചെയ്തു. കേരളത്തിലെ കത്തോലിക്കാസഭയും ഇതരസഭകളും അവയുടെ സാമൂഹ്യക്ഷേമവിഭാഗങ്ങളും സംയുക്തമായും അല്ലാതെയും നടത്തി വരുന്ന പ്രവർത്തനങ്ങളെല്ലാം തുടരുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതുണ്ടെന്ന് മെത്രാൻസമിതി വിലയിരുത്തി. കേരളത്തിലെയും ഭാരതത്തിലെയും കത്തോലിക്കാ സഭയുടെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിർവ

ഹിച്ചു പോരുന്ന സാമൂഹ്യ ശുശ്രൂഷാ പ്രവർത്തനങ്ങൾ ഇതിനോടകം പൊതുസമൂഹം അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്തിട്ടുണ്ട്. കേരളസർക്കാരും സമൂഹത്തിലെ ഇതരസംവിധാനങ്ങളും സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഭയാശങ്കകൾ വെടിഞ്ഞ് കൂടുതൽ ജാഗ്രതയോടും പ്രാർത്ഥനയോടും കൂടെ രോഗപ്രതിരോധ നിവാരണ പ്രവർത്തനങ്ങളിൽ നമുക്കു മുന്നേറാം.

കെ.സി.ബി.സി.യുടെ സമ്മേളനത്തിൽ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

1. കോവിഡുകാലം നമ്മുടെ അജപാലന പ്രവർത്തനങ്ങൾ എളുപ്പമല്ലാതാക്കിയിരിക്കുന്നു എന്ന വസ്തുത അംഗീകരിച്ചുകൊണ്ടുതന്നെ നാം സ്വീകരിച്ചിരിക്കുന്ന നവീനമായ രീതികൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള ശ്രമമുണ്ടാകണം. വി. കുർബാനയും ഇതര കൂദാശകളും പരികർമ്മം ചെയ്യുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്ന കാര്യത്തിലുള്ള ജാഗ്രത തുടരണം. ദൈവാലയങ്ങളിലെ തിരുക്കർമ്മങ്ങൾ സാധാരണ രീതിയിൽ നടക്കുന്നതുവരെ നവമാധ്യമങ്ങളിലൂടെയുള്ള ദിവ്യബലിയിലും ഇതരതിരുക്കർമ്മങ്ങളിലും പങ്കുചേരുമ്പോൾ നമ്മുടെ ഭക്തിയും വിശ്വാസവും അനുദിനം ആഴപ്പെടുന്നതിന് ശ്രമമുണ്ടാകണം. ദിവ്യകാരുണ്യാരാധന, തിരുവചനധ്യാനം, ജപമാല, നൊവേന തുടങ്ങി വിശ്വാസിസമൂഹത്തിന്റെ ആത്മീയ വളർച്ചയ്ക്ക് ഉപകരിക്കുന്ന ഭക്ത്യാഭ്യാസങ്ങൾ സമൂഹമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് തുടരുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യണം. അജപാലകരും വിശ്വാസിസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിന് നവമാധ്യമങ്ങളും ഇതര സംവിധാനങ്ങളും പ്രയോജനപ്പെടുത്തണം. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുടുംബയൂണിറ്റ് യോഗങ്ങൾ സംഘടിപ്പിക്കുകയും യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യണം. ഇടവകതലത്തിലുള്ള വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളും സാമൂഹ്യശുശ്രൂഷകളും കൂടുതൽ തീക്ഷ്ണതയോടും ജാഗ്രതയോടുംകൂടി നിർവഹിച്ചുകൊണ്ട് പരസ്പരം കരുതലുള്ള സമൂഹമായി മുന്നേറണം.

2. സഭയുടെ അജപാലനശുശ്രൂഷയുടെ മുഖ്യകേന്ദ്രമായ കുടുംബങ്ങൾ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും പ്രഥമവേദിയാണെന്നുള്ളത് നാം മറക്കരുത്. കുടുംബങ്ങളിൽ അനുദിനം കുടുംബപ്രാർത്ഥനകളും ദൈവവചന പാരായണവും മുടങ്ങാതെ നിർവഹിക്കണം. നവമാധ്യമങ്ങൾ വഴിയുള്ള കൂദാശകളിലും മറ്റു തിരുക്കർമ്മങ്ങളിലും സാധിക്കുന്നിടത്തോളം കുടുംബസമേതം പങ്കുചേരാൻ പരിശ്രമിക്കണം. കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ട ഒരു കാലം കൂടിയാണിത്. ശിഥിലമായ ബന്ധങ്ങൾ കൂട്ടിയോജിപ്പിക്കാനും മനസ്സിലെ മുറിവുകൾ ഉണക്കാനും ശ്രമങ്ങൾ ഉണ്ടാകണം. വൃദ്ധരായ മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന നല്കുകയും അവരുടെ ആവശ്യങ്ങളോട് സ്നേഹവായ്പോടെ പ്രതികരിക്കുകയും വേണം. ഇടവക തലത്തിലുള്ള കൗൺസിലിംഗ് സൗകര്യങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കാനുള്ള സാഹചര്യമൊരുക്കുന്നതു നല്ലതാണ്.

3. കേരളത്തിലെ 32 രൂപതകളിൽ പ്രവർത്തിക്കുന്ന രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾ വഴി കേരളത്തിലെ കത്തോലിക്കാ സഭ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നുണ്ട്. 2021 മാർച്ച് അവസാനം വരെ ജാതിമതഭേദമെന്യേ 23,90,322 കുടുംബങ്ങളിലേക്കും 1,07,029 അതിഥി തൊഴിലാളികളിലേക്കും സഭയുടെ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞു. കേരള സോഷ്യൽ സർവീസ് ഫോറവും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും വിവിധ ഏജൻസികളും സംഘടനകളും ചേർന്ന് ഇതിനായി 65,43,68,363 രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ വൈദികരും സിസ്റ്റേഴ്സും യുവജനങ്ങളും മറ്റ് സന്നദ്ധപ്രവർത്തകരുമുൾപ്പെടെ ആയിരക്കണക്കിന് സമരിറ്റൻ വോളന്റിയേഴ്സ് ഈ സേവനരംഗത്ത് തുടരുന്നുണ്ട്.

പി.ഒ.സി. കേന്ദ്രീകരിച്ച് കെ.സി.ബി.സി. ഹെൽത്ത് കമ്മീഷന്റെയും കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരള ഘടകത്തിന്റെയും നേതൃത്വത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപനസമിതിയും പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ വിവിധ കത്തോലിക്കാ ആശുപത്രികളിൽ സേവനം ചെയ്യുന്ന സമർപ്പിതരായ സിസ്റ്റർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് ടെലിമെഡിസിൻ സൗകര്യവും നാനൂറോളം വിദ്യാർത്ഥികളുടെ നേതൃത്വ

ത്തിൽ ടെലികൗൺസലിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. വിവിധ രൂപതകളിൽ ഇടവകകൾ കേന്ദ്രീകരിച്ചു ചെയ്തുപോരുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനങ്ങൾക്കു പുറമേയാണിത്. ഓക്സിമീറ്റർ, തെർമോമീറ്റർ, സാനിറ്റൈസർ, മാസ്ക് എന്നിവ അടങ്ങുന്ന മെഡിക്കൽ കിറ്റുകളും രൂപതകൾതോറും ഇടവകകൾക്കും കുടുംബങ്ങൾക്കും നല്കി വരുന്നു.

ഇതിനു പുറമെ കേരളത്തിലെ വിവിധ ഇടവകകളും സമർപ്പിത സമൂഹങ്ങളും സംഘടനകളും അതാത് പ്രദേശങ്ങളിൽ ചെയ്തുപോരുന്ന പ്രതിരോധ പ്രവർത്തനങ്ങളെ വിലമതിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ മഹാമാരിയെ നേരിടാൻ ജാതിമതഭേദമെന്യേ എല്ലാ സഹോദരങ്ങളെയും ക്രിസ്തുസ്നേഹത്തെപ്രതി സഹായിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും കേരളത്തിലെ സഭ പ്രതിജ്ഞാബദ്ധമാണ്.

4. എല്ലാവരും, പ്രത്യേകിച്ച് പൊതുസമ്പർക്കം കൂടുതൽ ഉണ്ടാകേണ്ടിവരുന്ന വൈദികരും സമർപ്പിതരും യുവജനങ്ങളും മറ്റ് സന്നദ്ധ പ്രവർത്തകരും, കോവിഡ് വാക്സിൻ സ്വീകരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ വയ്ക്കണം. കൊറോണബാധ അതിന്റെ മൂന്നാംഘട്ടത്തിലേക്ക് കടക്കുന്നതുമായി ബന്ധപ്പെട്ടുവരുന്ന മുന്നറിയിപ്പുകളെക്കുറിച്ചും നമ്മൾ ജാഗരൂകരായിരിക്കണം. ഈ വിഷയത്തിൽ നമ്മുടെ കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ എല്ലാവരും പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. മതബോധനക്ലാസ്സുകൾ ഓൺലൈൻ സംവിധാനം വഴി നടക്കുന്നുണ്ടെങ്കിലും കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ ഉത്തരവാദിത്വം വഹിക്കുന്നവരും കുടുംബാംഗങ്ങളും പ്രത്യേക ശ്രദ്ധ ചെലുത്തണം. അതുപോലെ, യുവജനശുശ്രൂഷകൾ കൂടുതൽ സജീവമാകുന്നതിന് ബഹുമാനപ്പെട്ട വികാരിമാരും യുവജനസംഘടനാ നേതൃത്വവും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

6. കോവിഡ് ബാധിച്ചു മരിക്കുന്നവരുടെ മൃതദേഹങ്ങൾ സർക്കാർ നല്കിയിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് ദഹിപ്പിക്കുന്നതിനോ സംസ്കരിക്കുന്നതിനോ എല്ലാവരും സഹകരിക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ നടപടിക്രമത്തിൽ അനാവശ്യമായ ഭീതിയും തെറ്റിദ്ധാരണകളും ഉണ്ടാകേണ്ടതില്ല.

7. സഭയുടെ എല്ലാ ആശുപത്രികളും ക്ലിനിക്കുകളും ക്രിസ്തീയ ചൈതന്യത്തോടെ പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തരുത്. സാധാരണക്കാർക്ക് ഭാരമാകാത്തവിധം ചികിത്സാചെലവുകൾ പരിമിതമാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. നമ്മുടെ എല്ലാ ആശുപത്രികളിലും വാക്സിൻ സൂക്ഷിക്കുന്നതിനും നല്കുന്നതിനും സംവിധാനമൊരുക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണം.

8. കോവിഡിനോടൊപ്പം തന്നെ കാലവർഷവും പ്രകൃതിക്ഷോഭവും കടൽകയറ്റവും ചുഴലിക്കാറ്റുമൊക്കെ നമ്മൾ അഭിമുഖീകരിക്കേണ്ടി വരുന്നു. ഈ സാഹചര്യങ്ങളിൽ അശരണരെ ലക്ഷ്യമാക്കിയുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ പുലർത്തണം. ദരിദ്രരുടെയും ദുർബലരുടെയും സംരക്ഷണവും ഉന്നമനവും സഭയുടെ പ്രഥമശുശ്രൂഷയായിക്കണ്ട് പ്രവർത്തിക്കാൻ അജപാലകർ ശ്രദ്ധപതിപ്പിക്കണം.

കോവിഡ് മഹാമാരിയെയും ഇതര ദുരന്തങ്ങളെയും അഭിമുഖീകരിക്കുന്നതിൽ നമ്മൾ പുലർത്തിക്കൊണ്ടിരിക്കുന്ന ജാഗ്രതയിൽ ഭംഗം വരുത്താതിരിക്കാം. പ്രതിസന്ധികളുടെയും ദുരിതങ്ങളുടെയും മദ്ധ്യേ ആശ്വാസത്തിന്റെയും പ്രത്യാശയുടെയും കരങ്ങൾ നീട്ടി നമ്മെ അനുഗ്രഹിക്കുന്ന ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

---

NB: 2021 ജൂലൈ 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3529/K-5/KCBC/OL/DS 24.06.2021

# യുവജനദിനം 2021, ജൂലൈ 4, ഞായർ
# കെസിബിസി യുവജനകമ്മീഷൻ
# പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാ സഭ ജൂലൈ 4 ഞായറാഴ്ച യുവജനദിന മായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് 19-ന്റെ തീരാവേദനയിൽ ആയിരിക്കുമ്പോഴും സഭയെയും സമൂഹത്തെയും ജീവസ്സുറ്റതാക്കി നിർത്തുവാൻ സഭ നേതൃത്വത്തോടൊപ്പം നിലകൊണ്ട യുവജനങ്ങളെയും അവരെ നയിക്കുന്ന വൈദികരെയും സന്ന്യസ്ത രെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് അഭിവാദനങ്ങൾ അറിയിക്കുന്നു.

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ സഭയെ യൗസേപ്പിതാവിന് സമർപ്പിച്ച ഈ വർഷം കേരളസഭ കുടുംബവർഷമായി ആചരിക്കുന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ യുവജന ശുശ്രൂഷയുടെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവയുവത്വം: കരുതലായി കുടുംബത്തിലും സമൂഹത്തിലും' എന്നതാണ്. ഉപവിഷയങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത് 'സഭയും മാധ്യമവിചാരണയും, ന്യൂനപക്ഷാവകാശങ്ങൾ, യുവാക്കളും ഭരണപ ങ്കാളിത്തവും, 'ഫ്രത്തേലിതൂത്തി' അനുബന്ധ പഠനങ്ങൾ' എന്നിവ യാണ്.

ക്രിസ്തീയ യുവത്വം, ഉത്തരവാദിത്വബോധമുള്ള മാതാപിതാ ക്കളാകുവാനും, വിശുദ്ധരായ വൈദികരും സന്ന്യസ്തരും ആകുവാനും ഒരുങ്ങുന്ന യൗവനകാലത്ത്, സഭയുടെയും സമൂഹത്തിന്റെയും കുടും ബത്തിന്റെയും കാവലാളാകാൻ പരിശ്രമിക്കണമെന്ന് സഭ ആഗ്രഹി ക്കുന്നു. അതോടൊപ്പം രാഷ്ട്രത്തിന്റെ അധികാരത്തിലും, ഭരണപ്ര ക്രിയയിലും ഉത്തമപൗരന്മാരായി പങ്കുചേരാനും വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്ഥാപിത താത്പര്യങ്ങളൊടെയുള്ള മാധ്യമവിചാ രണകൾ സഭ നേരിടുന്ന വേളയിൽ സഭയിലെ യുവജനങ്ങൾ സഭ യുടെ ധാർമികസ്വരമായി മാറേണ്ടതുണ്ട്. ഭരണഘടന വിഭാവനം

ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അനീതിപരമായി പങ്കുവയ്ക്കപ്പെടുമ്പോഴും നീതിയുടെ പക്ഷം ചേരാൻ യുവാക്കൾക്കാകണം. ലോകം മുഴുവന്റെയും സുസ്ഥിതിക്കായി സർവലൗകികമായ ഒരു ദർശനം രൂപപ്പെടുത്താൻ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയ്ക്ക് ഈ ലോകത്തിൽ സാധ്യമാകണം എന്ന ഓർമപ്പെടുത്തൽ നടത്തുന്ന 'ഫ്രത്തേലി തൂത്തി' എന്ന ചാക്രികലേഖനം യുവജനം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'പുരാതന ശുശ്രൂഷ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ സഭയുടെ വിശ്വാസ പരിശീലനരംഗത്ത് "യുവജനങ്ങളുടെ ആത്മാർത്ഥമായ ഇടപെടൽ ആവശ്യമുണ്ട്" (പുരാതന ശുശ്രൂഷ 5).

**യുവജനങ്ങൾ കാവൽക്കാർ**

'പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരുടെ ജാഗ്രത'യോടെ സത്യത്തിന്റെയും, നീതിയുടെയും, പ്രകാശത്തിന്റെയും കാവൽക്കാരാണ് യുവജനങ്ങൾ. സ്വപ്നങ്ങളെ അനുധാവനം ചെയ്യുന്നവർ. നേരിന്റെയും നുണകളുടെയും അതിസങ്കീർണമായ സങ്കലനങ്ങളെ കുടഞ്ഞിടുന്ന വിവരസാങ്കേതികവിദ്യകളുടെ അതിപ്രസരമുള്ള സത്യാനന്തരകാലത്ത്, ക്രൈസ്തവവിശ്വാസത്തിന്റെ കാവലാളുകളാകാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തവരാണ് യുവാക്കൾ. തിരുവചനം അതിനു ധാരാളം മാതൃകകൾ നല്കുന്നു. ദാവീദ്, മോശ, ജോഷ്വാ, സ്നാപകയോഹന്നാൻ ഏറ്റവും ഒടുവിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യുവാവായ ക്രിസ്തു. അവനാൽ ആകർഷിക്കപ്പെട്ടും അവനിൽ അനുരക്തരായും യുവജനസമൂഹം ഈ തീർത്ഥടകസഭയുടെ ഉത്തമസാക്ഷികളാകാനാണ് കാലം അവരെ ക്ഷണിക്കുന്നത്.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ; അതു യുവജനങ്ങളുടേതുമാണ്. മതമൗലികവാദം, പ്രണയത്തിന്റെ മറവിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, ഫാസിസ്റ്റ് മനോഭാവമുള്ള രാഷ്ട്രീയ ചിന്തകൾ, ആഗോളതലത്തിലുള്ള തീവ്രവാദ ആശയങ്ങൾ, മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരം, മദ്യത്തിന്റെയും മാരകമായ ലഹരികളുടെയും അനിയന്ത്രിതമായ ലഭ്യത, അർഹമായ ആനുകൂല്യങ്ങളും, സംവരണങ്ങളും, ക്ഷേമപദ്ധതികളും പങ്കുവയ്ക്കുന്നതിലെ കുറ്റകരമായ പക്ഷപാതം, പ്രണയത്തിന്റെ രക്തസാക്ഷികളായി മാറുന്ന യൗവനതീഷ്ണത, സത്യത്തിൽനിന്നും കല്ലേറുദൂരം മാറിനില്ക്കുന്ന

സമൂഹമാധ്യമങ്ങളുടെ വിവരപ്രക്ഷേപണങ്ങൾ, വിചാരണകൾ, ജീവനെതിരേയുള്ള നിയമനിർമ്മാണങ്ങൾ, സ്ത്രീധനം എന്ന തിന്മ അങ്ങനെ എടുത്തുപറയാൻ അനവധിയാണ് ഈ കാലത്തിന്റെ വെല്ലുവിളികൾ. യുവജന ശുശ്രൂഷയിലേർപ്പെടുന്നവരുടെ സവിശേഷമായ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളാണ് ഇവയെല്ലാം. സഭാമേലധ്യക്ഷന്മാരുടെയും, വൈദികരുടെയും സന്ന്യസ്തരുടെയും മുതിർന്ന അല്മായ സഹോദരങ്ങളുടെയും ശ്രദ്ധാപൂർവമായ അനുധാവനം ആവശ്യപ്പെടുന്ന ഇത്തരം മേഖലകളിൽ അത് ലഭ്യമാവുന്ന ക്രമബന്ധമായ ഒരു സംവിധാനവും ചട്ടക്കൂടും സഭയ്ക്കുണ്ട്. അത്തരം സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഏവരും തയ്യാറാവണം എന്നേയുള്ളൂ.

ആത്മാവിൽ നിറഞ്ഞ യുവജനം സഭയുടെ സമ്പത്താണ്. അവർ ദിവ്യബലിയർപ്പണത്തിൽ സജീവമായി പങ്കുചേരുന്നു. തിരുവചനപാരായണവും പഠനവും നടത്തുന്നു. വിശ്വാസം പങ്കുവയ്ക്കുന്ന പ്രേഷിതരാണവർ. സഭാപഠനങ്ങളെക്കുറിച്ച് ഉറച്ച ധാരണയുള്ളവർ. ഇടപെടലുകൾ ആവശ്യമുള്ളിടത്ത് ഇടപെടാൻ ചങ്കുറ്റമുള്ളവർ. സഭയുടെ മതബോധനപ്രക്രിയയിൽ പങ്കുകാരാവുന്നവർ. അവർ ആധുനിക ലോകത്തിനു യോജിച്ച രീതിയിലും, ഭാഷയിലും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും സത്യത്തിനും നീതിക്കുംവേണ്ടി പോരാടുകയും ചെയ്യുന്നു. സാർവത്രികസഭയിലും, സഭാപാരമ്പര്യത്തിലും അഭിമാനം കൊള്ളുന്ന യുവത സഭയുടെ സജീവമായ മുഖമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മുഖകാന്തിയാണ്!

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം അവശ്യസാധനങ്ങളുടെയും മരുന്നുകളുടെയും ദൗർലഭ്യം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ കാവൽക്കാരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ കരുണാപൂർവം ഹൃദയത്തിലേറ്റി അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണം, ഭവന

മില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജ നങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ അഭിനന്ദനീയമാണ്. ഇത് ത്യാഗ ത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കു വാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടും ബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. “ജ്ഞാനത്തിലും പ്രായ ത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന” (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തു വിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന കരുതലും കാവലുമാകുന്ന യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, AICUF, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യ രായി ജീവിക്കാൻ ജീവന്റേയും ജീവിതങ്ങളുടേയും കാവലാളാവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ. സഭയുടെ കാവലാളായ വിശുദ്ധ യൗസേപ്പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

# രൂപതക്കച്ചേരി

C. *33/2021* **നന്ദിയോടെ**

രൂപതാകേന്ദ്രത്തിൽ വികാരിജനറാളായി ശുശ്രൂഷ ചെയ്ത ബഹു. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അച്ചനും, പ്രൊക്കുറേറ്ററായി സേവനം ചെയ്ത ബഹു. ജോസ് കുഴികണ്ണിയിൽ അച്ചനും, ചാൻസിലറായി സേവനം അനുഷ്ഠിച്ച ബഹു. ജോസ് പുല്ലോപ്പിള്ളിൽ അച്ചനും രൂപതാകുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു. പുതിയ സേവനമേഖലകളിൽ ദൈവാനുഗ്രഹം നേരുന്നു.

*Bishop*

C. *34/2021* **സ്വാഗതം**

രൂപതയുടെ വികാരിജനറാൾ, പ്രൊക്കുറേറ്റർ, ചാൻസിലർ എന്നീ ശുശ്രൂഷാമേഖലകളിലേക്ക് പുതുതായി നിയമിതരായിരിക്കുന്ന ബഹു. ഫാ. പയസ് മലേക്കണ്ടത്തിൽ, ബഹു. ഫാ. ജോസ് പുൽപ്പറമ്പിൽ, ബഹു. ഫാ. ജോസ് കുളത്തൂർ എന്നിവർക്ക് രൂപതാകേന്ദ്രത്തിലേക്ക് സ്വാഗതം ആശംസിക്കുന്നു. പുതിയ കർമ്മമണ്ഡലങ്ങളിൽ ദൈവാനുഗ്രഹം നേരുന്നു.

*Bishop*

C. *35/2021* **അഭിനന്ദനങ്ങൾ**

റോമിൽ ഉപരിപഠനം വിജയകരമായി പൂർത്തിയാക്കി രൂപതയിലേക്ക് ശുശ്രൂഷയ്ക്കായി തിരിച്ചെത്തിയിരിക്കുന്ന റവ. ഫാ. ജോസ് കുളത്തൂർ (Doctorate), റവ. ഫാ. ജോസഫ് മുണ്ടയ്ക്കൽ (Licentiate), റവ. ഫാ. അബ്രാഹം പാറയ്ക്കൽ (Licentiate) എന്നിവർക്ക് രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

*Bishop*

# C.36/2021 Appointments and Transfers - July 2021

## Parish Priests

| Rev. Fathers | Parish |
|---|---|
| 1. Aikaramattam James | Nellikuzhi |
| 2. Arackal James | Kodikulam |
| 3. Arolichalil Sebastian | Kadavoor |
| 4. Athickal Joseph | Alakode |
| 5. Chemparathy George | Chalassery |
| 6. Choorathotty Paul | Pulianpara |
| 7. Edathotty Paul | Anchiri |
| 8. Edattu Mathews | Pareekanni |
| 9. Ezhumayil Joseph | Mekkadambu |
| 10. Kakkuzhy James | Nirmala Matha Muvattupuzha |
| 11. Kanimattathil Sebastian | Purapuzha |
| 12. Kariamadam George | Vijnana MathaThodupuzha |
| 13. Karikunnel Francis | Enanalloor |
| 14. Kizhakkedath Mathew | Neendapara |
| 15. Kochumundanmalayil Mathew | Mullaringadu |
| 16. Kochuparambil George | Mudavoor |
| 17. Kochupurackal Mathew (Jr) | Vadattupara |
| 18. Kodakallil Kuriakose | Kallanickal |
| 19. Koonath Joseph CMF | Vettampara |
| 20. Kunnel Stanislaus | Thodupuzha |
| 21. Kuzhikanniyil Jose | Vazhakulam |
| 22. Madathiparambil Francis | Nedungapra |
| 23. Malieckal Antony | Kuthumkal |
| 24. Mandapathil Varkey | Thalayanad |
| 25. Mundackal Joseph (Jr) | Inchathotty |

| | |
|---|---|
| 26. Niravath Joseph | Cheppukulam |
| 27. Niravathinal Abraham | Ponnamthanam |
| 28. Oroplackal Johnson | Perumpallichira |
| 29. Parayidom Thomas | Velielchal |
| 30. Pothoor Jose | Udumbannoor |
| 31. Pullan George | Kalayanthani |
| 32. Thachil George | Bethlehem |
| 33. Thadikkatt George | Nellimattom |
| 34. Thalappillil Jacob | Kuruppumpady |
| 35. Thekkeattath George | Vazhakala |
| 36. Thekkumkattil Mathew | Randar |
| 37. Thottathimyalil Mathew | Punnamattam |
| 38. Vadakel George | Meenkunnam |
| 39. Vadakken John | Peringassery, Uppukunnu |
| 40. Valiyathazhath Sebastian | Keerampara |
| 41. Vattakkatt Augustine | Thrikariyoor |
| 42. Vattappallil Jacob | Thommankuthu |
| 43. Vattathottathil Thomas | Kuttampuzha |
| 44. Vilanguparayil Paul | Kulapuram |

## Parochial Vicars/ Assistant

| **Name (Rev.Fathers)** | **Parish/ Institution** |
|---|---|
| 1. Akkapadickal Paul | Vazhakulam |
| 2. Avarapattu Paul | Karakunnam |
| 3. Edathala George | Udambannoor |
| 4. Kachiraparekudiyil Martin | Arakuzha |
| 5. Kalamparambil Antony | Nellimattom |
| 6. Kanjirakombil Jose | Kaliyar |
| 7. Kochuputhenpurayil Joseph | Muthalakodam |

| | | |
|---|---|---|
| 8. | Konthempillil Sebastian | Kaloor |
| 9. | Kunnath Scaria | Kalloorkad |
| 10. | Kunnumpurath Joseph | Cathedral |
| 11. | Madathil Joseph (Jr) | Marika |
| 12. | Madathil Joseph (Sr) | Paingottoor |
| 13. | Mundackal Emmanuel | Mailacombu |
| 14. | Mundackal Mathew (Jr.) | Vannapuram |
| 15. | Nedumpurath Sebastian | Kodikulam |
| 16. | Nedungatt George | Muvattupuzha |
| 17. | Njaliparambil Antony | Muthalakodam |
| 18. | Parackal Abraham | Pannimattom |
| 19. | Pariyathumalil John (Satna) | Kalayanthani |
| 20. | Peechanikunnel George | Nediasala |
| 21. | Plathottathil Mathew | Karimannoor |
| 22. | Thanickal Joseph | Anicad |
| 23. | Thanikunnel Alex | Nakapuzha |
| 24. | Tharappil Mathew | Nediakad |
| 25. | Vadakedath Joseph | Thodupuzha |
| 26. | Vamattathil John | Cathedral |
| 27. | Vellamkunnel Emmanuel | Divine Mercy Shrine |

## Eparchial Offices

| | Rev. Fathers | Office |
|---|---|---|
| 1. | Aikaramattam James | Migrant Workers, Temperance Movement |
| 2. | Avarapattu Paul | Prayer Group Asst. Director |
| 3. | Chemparathy George | Care Homes Director |
| 4. | Chiraparambil Jose | Family Apostolate Asst. Director |
| 5. | Edattu Mathews | Pareekanny Estate Director |

| | | |
|---|---|---|
| 6. | Kallarackal Joseph | Catechism Director |
| 7. | Kallidukil Zacharias | MCA, NiCSA Administrator |
| 8. | Karakunnel George | Santhi Sadan Ashram & NESTT Academy Director |
| 9. | Keerampara Francis | Protosyncellus |
| 10. | Kochuparambil Joseph (Jr) | Ashram Administrator, Jeeva Water Director |
| 11. | Kochupurackal Mathew (Sr) | Judicial Vicar, Minor Seminary Rector |
| 12. | Kodamullil Cyriac | Priest Homes, Jeeva Medicals Director |
| 13. | Koloth Francis | Jeevajyothi Hostel Warden |
| 14. | Koonanickal Jose | Pareekanny Estate Administrator |
| 15. | Kulathoor Joseph | Chancellor |
| 16. | Kurisummoottil George | Family Apostolate, Mathruvedi, Pithruvedi Director |
| 17. | Malekandathil Pius | Syncellus |
| 18. | Malieckal Antony | Asst. Director KSSS & KLM |
| 19. | Mundackal Mathew M | Education Secretary |
| 20. | Njaloor Cyriac | Social Service, Care A Family Director |
| 21. | Paramel Varghese | CML, KCSL Director |
| 22. | Paremman Peter | Secretary, Vice Chancellor |

| | | |
|---|---|---|
| 23. | Ponneth Joseph | Bursar & Vice Principal - Nirmala Public School |
| 24. | Pulloppillil Jose | NESTT Director |
| 25. | Pulparambil Jose | Procurator |
| 26. | Puthenkulam Mathew | Viswajyothi Asst. Warden |
| 27. | Valiathazhath Sebastian | KLM, Palliative Care Director |
| 28. | Valloppillil Sebastian | Yuvadeepthi Director |

## Study

| | |
|---|---|
| Kalathoor Paul | M Th. Vadavathoor |
| Mundackal Emmanuel | B Ed |

## Medical Leave

Rev.Fr. Maleparambil George

Rev.Fr. Nandalath Francis

## Retirements

Mgr. Kanjirakompil Cherian

Rev. Fr. Kandathil Jose

Rev. Fr. Makolil Joseph

Rev. Fr. Vadakumpadam Mathew

*Protosyncellus*

## *JS. 4/2021* ജൂബിലി സ്മാരക സ്കോളർഷിപ്പ്

2021 ജൂലൈ 10-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിരുന്ന മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ **ഒക്ടോബർ മാസം രണ്ടാം ശനിയാഴ്ച** നടത്തുവാൻ ഉദ്ദേശിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് ഇതിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്.

*Chancellor*

# മൈനർ സെമിനാരി

*MS 16/2021* **പ്രാർത്ഥനാശംസകൾ! ഹൃദയംഗമമായ നന്ദി!**

മൈനർ സെമിനാരി റെക്ടറായി കഴിഞ്ഞ അഞ്ചു വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചശേഷം ആലക്കോട് ഇടവകവികാരിയായി സ്ഥലം മാറിപ്പോകുന്ന ബഹു. ജോസഫ് അത്തിക്കലച്ചന് ഹൃദയംഗമമായ നന്ദിയും ആശംസകളും നേരുന്നു. അച്ചൻ വഴിയായി രൂപതാകുടുംബത്തിനും മൈനർ സെമിനാരിക്കും ലഭിച്ച അനുഗ്രഹങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

*Vice Rector*

*MS 17 /2021* **സ്നേഹോഷ്മളമായ സ്വാഗതം**

മൈനർ സെമിനാരി റെക്ടറായി നിയമിതനായിരിക്കുന്ന ബഹു. മാത്യു കൊച്ചുപുരയ്ക്കലച്ചന് സ്നേഹോഷ്മളമായ സ്വാഗതവും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

*Vice Rector*

*MS 18/2021* **അഭിനന്ദനങ്ങൾ... ആശംസകൾ...**

നമ്മുടെ രൂപതയ്ക്കുവേണ്ടി 2021 മെയ് 31-ാം തീയതി തിങ്കളാഴ്ച രാവിലെ കോതമംഗലം മൈനർ സെമിനാരിയിൽ വച്ച് കാരക്കുന്നേൽ ജോസഫ് - നാടുകാണി, കുഞ്ചിറക്കാട്ട് ജോസഫ് - തൊടുപുഴ ഈസ്റ്റ്, മാതേയ്ക്കൽ ജോർജ് - ഇഞ്ചത്തൊട്ടി എന്നിവർ വൈദികവസ്ത്രം സ്വീകരിച്ചു.

*MS 19 /2021* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | One Benfactor | ₹ | 5,000 |
| 2 | One Benfactor | ₹ | 10,000 |
| 3 | One Benfactor | ₹ | 2,000 |
| 4 | Thresiamma George Madathil, Vazhakulam | ₹ | 50,000 |
| 5 | Francis Kuriakose in Memory of Bro. Jose Kavumpuram | ₹ | 2000 |

*Rector*

# വിജ്ഞാനഭവൻ

*V. 45/2021* **പരീക്ഷ X, XII**

10, 12 ക്ലാസ്സുകളിലെ പരീക്ഷ കോവിഡ് മൂലം എഴുതാൻ സാധിക്കാത്തവർക്കും പരീക്ഷയിൽ പരാജയപ്പെട്ടവർക്കുമായി ജൂലൈ 11 ഞായറാഴ്ച രാവിലെ 11.00 മുതൽ 01.00 വരെ ഓൺലൈനായി പരീക്ഷ നടത്തുന്നതാണ്.

*V. 46/2021* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രിന്റ് എടുത്ത് ഇടവകകളിൽ സൂക്ഷിക്കേണ്ടതാണ്. വികാരിയച്ചന്റെ ഒപ്പോടു കൂടിയ ഒരു കോപ്പി ജൂലൈ 10-ന് മുമ്പായി വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

*V. 472021* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

ഈ വർഷം കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 20 രൂപയാണ്. ജൂലൈ 31-ന് മുമ്പായി ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

NB. കഴിഞ്ഞ വർഷം കുട്ടികളുടെ സംഭാവന തരാൻ സാധിക്കാത്തവർ ഇത്തവണ അതുംകൂടി ചേർത്ത് തരുമല്ലോ.

*V. 48/2021* **ടീച്ചേഴ്സ് ക്വിസ് പഠനഭാഗം**

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 781-1065; വിശ്വാസവഴിയിലെ സംശയങ്ങൾ - 4, 5, 6; വഴിതെറ്റാത്ത വിശ്വാസം

*V. 49/2021* **സൺഡേ സ്കൂൾ പുസ്തകം**

സൺഡേ സ്കൂൾ പുസ്തകം ഇല്ലാത്ത കുട്ടികൾക്ക് അത് എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. വിജ്ഞാനഭവനിൽ പുസ്തകങ്ങൾ ലഭ്യമാണ്.

*V. 50/2021* **വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം**

**"വിശ്വാസപരിശീലനത്തിലൂടെ വിശ്വാസാനുഭവത്തിലേക്ക്"** എന്നതായിരിക്കും ലേഖനവിഷയം. ലേഖനം 15 പേജിൽ കവിയരുത്.

ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി ഒക്ടോബർ 30 ആണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് മത്സരം നടത്തുന്നത്.

*V. 51/2021* **കവിതാരചന**

വിഷയം : **"വിശ്വാസപരിശീലനത്തിലൂടെ വിശ്വാസാനുഭവത്തിലേക്ക്"** ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വേദപാഠക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് മത്സരം നടത്തുന്നത്. A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ ഒക്ടോബർ 30-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

*V.52/2021* **പ്രൈവറ്റ് രജിസ്ട്രേഷൻ**

2021-2022 അദ്ധ്യയനവർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്ന കുട്ടികൾ ആപ്ലിക്കേഷൻ ഫോമും, ഫീസും ജൂലൈ 31-ന് മുമ്പായി വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

*V. 53/2021* **നന്ദി**

കഴിഞ്ഞ ആറര വർഷം വിജ്ഞാനഭവൻ ഡയറക്ടർ എന്ന നിലയിൽ നിങ്ങളെല്ലാവരും നൽകിയ സ്നേഹത്തിനും സഹകരണത്തിനും പിന്തുണയ്ക്കും ഹൃദയപൂർവം നന്ദി അറിയിക്കുന്നു. തുടർന്നും എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ. ഫാ. ജോസഫ് എഴുമായിൽ

*V. 54/2021* **സ്വാഗതം**

വിജ്ഞാനഭവന്റെ ഡയറക്ടറായി പുതുതായി നിയമിതനായിരിക്കുന്ന ബഹു. ജോസഫ് കല്ലറയ്ക്കൽ അച്ചന് സ്നേഹപൂർവമായ സ്വാഗതം ആശംസിക്കുന്നു. എല്ലാ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിക്കുന്നു.

*V. 54/2021* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

ആദ്യകുർബാനസ്വീകരണ പുസ്തകം, കുർബാന പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേ സ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.16/2021* **ബഹു. മാത്യു മുണ്ടയ്ക്കൽ അച്ചന് സ്വാഗതം**

കോതമംഗലം രൂപതയുടെ വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ സെക്രട്ടറിയായി ചുമതലയേൽക്കുന്ന മുണ്ടയ്ക്കൽ ബഹു. മാത്യു അച്ചന് സ്വാഗതം നേരുന്നു; വിജയങ്ങൾ ആശംസിക്കുന്നു; ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുന്നു. CBSE മേഖലയിലെ പരിചയം അച്ചന് രൂപതാ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്ക് പിൻബലമേകും. രൂപതാതലത്തിലും സംസ്ഥാനദേശീയ വിദ്യാഭ്യാസ തലങ്ങളിലും ബഹു. അച്ചന് തന്റെ ആശയങ്ങളും അഭിപ്രായങ്ങളും കൃത്യസമയത്ത് നല്കി വിദ്യാഭ്യാസമേഖലയെ വളർത്താൻ ഇടവരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

രൂപതയുടെ വിദ്യാഭ്യാസമേഖലയിൽ നിങ്ങൾ നൽകി വന്നതായ സഹകരണം കൂടുതൽ ചൈതന്യത്തോടെയും കരുത്തോടെയും നല്കി ബഹു. മാത്യു അച്ചന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തണമേയെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

*Edn.17/2021* **നന്ദിയോടെ... കൂപ്പുകൈകളോടെ**

ദൈവതിരുമുമ്പാകെ ഞാൻ ശിരസ്സുനമിക്കുന്നു. 2015 മുതൽ 2021 വരെയുള്ള 6 വർഷക്കാലം രൂപതയുടെ വിദ്യാഭ്യാസ വകുപ്പിന്റെ സെക്രട്ടറി എന്ന നിലയിൽ ശുശ്രൂഷ ചെയ്യാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ഈ ഉത്തരവാദിത്വം എന്നെ ഭരമേല്പിച്ച അഭിവന്ദ്യ പിതാവിനും

രൂപതയിലെ വിദ്യാഭ്യാസ കാര്യങ്ങളുടെ കോർപ്പറേറ്റ് മാനേജർമാരായിരുന്ന പെ. ബഹു. ജനറാളച്ചന്മാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

ബഹു. മാനേജരച്ചന്മാരും പ്രധാനാദ്ധ്യാപകരും വിദ്യാലയങ്ങളിലെ എല്ലാ കാര്യങ്ങളുടെയും പ്രവർത്തനങ്ങൾ ഭംഗിയാക്കുവാൻ വളരെയേറെ അദ്ധ്വാനിക്കുന്നവരാണ്; അവർക്കും ഞാൻ പ്രത്യേകം നന്ദിയറിയിക്കുന്നു.

നമ്മുടെ രൂപതാകേന്ദ്രത്തിലെ വിദ്യാഭ്യാസഓഫീസിൽ എന്നെ സഹായിച്ചുപോന്നിരുന്ന എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. നിത്യതയിലേക്ക് വിളിക്കപ്പെട്ട മത്തായി സാറിനെയും പ്രാർത്ഥനാപൂർവം ഓർമ്മിക്കുന്നു.

വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസ് മുതൽ താഴേക്ക് എ.ഇ.ഒ.മാരുടെ ഓഫീസുകൾ വരെയുള്ള ഓഫീസുകളിലെ എല്ലാ ജീവനക്കാർക്കും നന്ദി.

എൽ.പി., യു.പി., എച്ച്. എസ്, എച്ച്. എസ്. എസ്. എന്നീ വിഭാഗങ്ങളിലെ എല്ലാ അദ്ധ്യാപകർക്കും ഓഫീസ് ജീവനക്കാർക്കും വളരെയേറെ നന്ദി.

സഭയുടെ പ്രധാന പ്രേഷിതമേഖലകളിലൊന്നായ വിദ്യാഭ്യാസ മേഖലയെ സജീവമാക്കി നിലനിർത്താൻ എല്ലാവർക്കും ഒരുമയോടെ തുടർന്നും പ്രവർത്തിക്കാം.

*Secretary*

## സോഷ്യൽ സർവീസ്

### *SS. 28/2021* കർഷക പെൻഷൻ പദ്ധതി: വെബിനാർ നടത്തി

2021 ജൂൺ 19 ശനി 6.00 pm മുതൽ 8.15 pm വരെ അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ, കർഷകർക്കായി കേരളസർക്കാർ ഏർപ്പെടുത്തുന്ന പെൻഷൻ പദ്ധതിയെക്കുറിച്ച് വെബിനാർ നടത്തി. കർഷക ക്ഷേമനിധി ബോർഡ് ഡയറക്ടർ ശ്രീ. ജോസ് ചെമ്പേരി പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും പെൻഷൻ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. തുടർന്ന് കിസാൻ സർവീസ് സൊസൈറ്റി ചെയർമാൻ ശ്രീ. ജോസ് തയ്യിൽ

ക്ലാസ്സെടുത്തു. കർഷകർക്കുവേണ്ടി ക്രമീകരിക്കപ്പെടുന്ന ക്ഷേമ പദ്ധതിയിൽ അംഗത്വമെടുക്കേണ്ടത് എങ്ങനെയെന്നും ഈ പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങളും കർഷകർക്കുവേണ്ടി കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയിരിക്കുന്ന മറ്റു വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും വ്യക്തമാക്കി. ചോദ്യോത്തരവേളയിൽ എല്ലാവരും സജീവമായി പങ്കെടുത്തു. വൈദികരും സിസ്റ്റേഴ്സും വിവിധ സംഘടനകളുടെ ഭാരവാഹികളും ഉൾപ്പെടെ 235 പേർ വെബിനാറിൽ സംബന്ധിച്ചു.

*SS. 29/2021* **കർഷകപെൻഷൻ പദ്ധതിയിൽ അംഗമാകുവാൻ**

ജൂലൈ 15-ന് കർഷക ക്ഷേമനിധിയിൽ അംഗങ്ങളെ ചേർത്തു തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി സർക്കാർ പ്രത്യേക വെബ്സൈറ്റ് നൽകുന്നതാണ്. നമ്മുടെ ഇടവകാംഗങ്ങളിൽ ഭൂരിഭാഗവും കർഷകരാണല്ലോ. അതിനാൽ പരമാവധി പേരെ ഇതിൽ അംഗങ്ങളാക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേക താല്പര്യമെടുക്കുന്നത് നല്ലതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതാനും കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. **പ്രായപരിധി:** 18 വയസ്സുമുതൽ 55 വയസ്സുവരെയുള്ളവർക്ക് ചേരാം. (ഈ നിയമം പാസ്സായ 2019 ഡിസംബർ 20-ന് 56 വയസ് പൂർത്തിയായവർക്കും അംഗമായി ചേരാമെന്ന് നിയമാവലിയിൽ പറയുന്നുണ്ട്. ഇവർ 65 വയസ്സുവരെ അംശാദായം അടയ്ക്കണം. ഇതിനെക്കുറിച്ച് പിന്നീട് കൂടുതൽ വ്യക്തത ലഭിക്കുന്നതാണ്.)
2. **വരുമാന സർട്ടിഫിക്കറ്റ്:** പദ്ധതിയിൽ അംഗങ്ങളാകുന്ന എല്ലാവരും ഇത് ഹാജരാക്കണം. പ്രതിവർഷ വരുമാനം 5 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം.
3. **പ്രായം തെളിയിക്കുന്ന രേഖ:** ആധാർ, ഡ്രൈവിംഗ് ലൈസൻസ്, SSLC ബുക്ക് എന്നിവയിൽ ഏതുമാകാം.
4. പാസ്പോർട്ട് സൈസ് ഫോട്ടോ കരുതുക.
5. അഞ്ചു സെന്റ് മുതൽ 5 ഏക്കർ വരെ ഭൂമിയുള്ളവർക്ക് അംഗങ്ങളാകാം. സ്വന്തം പേരിൽ ഭൂമിയില്ലെങ്കിൽ പാട്ടക്കരാർ മതി.
6. **രജിസ്ട്രേഷൻ :** 100 രൂപയടച്ച് രജിസ്റ്റർ ചെയ്താൽ 30 ദിവസ

ത്തിനുള്ളിൽ രജിസ്ട്രേഷൻ സ്വീകരിച്ചതിനേക്കുറിച്ചുള്ള മെസേജ് ഫോണിൽ ലഭിക്കും.

7. **അംശാദായം:** മാസം 100 രൂപ വീതമാണ് വിഹിതം അടയ്ക്കേണ്ടത്. വാർഷിക ഫീസായി 1200 രൂപയോ, അർദ്ധവാർഷിക ഫീസായി 600 രൂപയോ അടയ്ക്കാനും സാധിക്കും.
8. ക്ഷീര കർഷകർ ആണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണം.
9. ആട്, താറാവ്, കോഴി എന്നീ കർഷകർ വെറ്റിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
10. സാധാരണ കർഷകർ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം. കഴിഞ്ഞ മൂന്നു വർഷമായി കൃഷിയാണ് പ്രധാന ഉപജീവനമാർഗ്ഗമെന്ന് സാക്ഷ്യപ്പെടുത്തണം.
11. മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
12. മൂല്യവർദ്ധിത വസ്തുക്കൾ (ഉദാ. ചിപ്സ്) നിർമ്മിക്കുന്നവർ താലൂക്ക് ഇൻഡസ്ട്രിയൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
13. **എങ്ങനെ രജിസ്റ്റർ ചെയ്യാം.**

    സ്വന്തമായോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ രജിസ്റ്റർ ചെയ്യാം.
14. ആനുകൂല്യങ്ങൾ: 60 വയസ്സു പൂർത്തിയാകുമ്പോൾ പ്രതിമാസം 5000 രൂപയിൽ കുറയാതെ പെൻഷൻ ലഭിക്കുന്നു. ഇൻഷ്വറൻസ്, പരിരക്ഷ, മക്കൾക്ക് വിദ്യാഭ്യാസ സഹായം, പെൺമക്കൾക്ക് വിവാഹസഹായം എന്നിവയും ഈ ക്ഷേമപദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.

*SS. 30/2021* **നന്ദിയോടെ..**

സോഷ്യൽ സർവീസ് സൊസൈറ്റി, ജീവ മെഡിക്കൽസ്, ക്രെഡിറ്റ് യൂണിയൻ, ജീവ നേഴ്സറി, ജീവ ബുക്ക്സ്, സേവ് എ ഫാമിലി പ്രോഗ്രാം, കർഷക കൂട്ടായ്മ (FPO) എന്നിവയും അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ലഭിച്ചിട്ടുള്ള എല്ലാ ദൈവകൃപകൾക്കും കൃതജ്ഞത അർപ്പിക്കുന്നു. മുൻപറഞ്ഞ

വിവിധ തലങ്ങളിൽ സഹകരണവും പ്രോത്സാഹനവും നൽകിയ എല്ലാ സഹപ്രവർത്തകർക്കും വൈദികർക്കും സിസ്റ്റേഴ്സിനും സ്റ്റാഫിനും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ആത്മാർത്ഥമായ നന്ദി.

*SS. 31/2021* **സ്വാഗതം...**

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പുതിയ ഡയറക്ടറായി ഉത്തരവാദിത്വമേൽക്കുന്ന ബഹു. സിറിയക് ഞാളൂർ അച്ചനും അസി. ഡയറക്ടർ ബഹു. ആന്റണി മാളിയേക്കൽ അച്ചനും ജീവ മെഡിക്കൽസ് ഡയറക്ടറായി വരുന്ന ബഹു. സിറിയക് കോടമുള്ളിൽ അച്ചനും ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും നേരുന്നു.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 35/2021* **RP TEAM MEETING**

ചെറുപുഷ്പ മിഷൻ ലീഗ് കോതമംഗലം രൂപതയുടെ റിസോഴ്സ് ടീമിന്റെ ഓൺലൈൻ മീറ്റിംഗ് ജൂൺ 9, 17, 18 തീയതികളിൽ നടത്തി. പങ്കെടുത്ത എല്ലാവർക്കും നന്ദി.

*CML 36/2021* **സ്വാഗതവും ആശംസകളും**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ നിയുക്ത ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. വർഗ്ഗീസ് പാറമേൽ അച്ചന് CML രൂപതാ കുടുംബത്തിന്റെ സ്വാഗതവും ആശംസകളും.

*CML 37/2021* PHOENIX

ചെറുപുഷ്പ മിഷൻ ലീഗ് കോതമംഗലം രൂപത കൊറോണ കാലഘട്ടത്തിലെ രൂപതാ മേഖലാ ശാഖാ പ്രവർത്തനങ്ങളെ ക്രോഡീകരിച്ച് ഒരു ഡിജിറ്റൽ മാഗസിൻ രൂപത്തിൽ പുറത്തിറക്കിയതാണ് PHOE NIX. അതിജീവനത്തിന്റെ കഥ പറയുന്ന PHOENIX ഡിജിറ്റൽ മാഗസിനിൽ 8 മേഖലകളിലെയും 111 ശാഖകളിലെയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുവാൻ സാധിച്ചിട്ടുണ്ട്.

### *CML 38/2021* രൂപതാ വാർഷികവും കൗൺസിലും പ്രവർത്തന വർഷ ഉദ്ഘാടനവും

2021-22 പ്രവർത്തന വർഷത്തെ വാർഷികവും കൗൺസിലും ജൂൺ ആറാം തീയതി 4.00 pm-ന് ഓൺലൈൻ ആയി നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനവും സീറോ മലബാർ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഡിജിറ്റൽ മാഗസിൻ പ്രകാശനവും, ഇൻഡോർ ബിഷപ് മാർ ചാക്കോ തോട്ടുമാരിക്കൽ പിതാവ് അനുഗ്രഹ പ്രഭാഷണവും നടത്തി. എല്ലാ ശാഖകളിൽ നിന്നുമുള്ള ബഹു. അച്ചൻമാരും സിസ്റ്റേഴ്സും കുട്ടികളും മീറ്റിംഗിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് അഭിവന്ദ്യ പിതാക്കന്മാർക്കും പ്രത്യേകം നന്ദി.

*Director*

## കെ.സി.എസ്.എൽ.

### *KCSL. 12/2021* KCSL രൂപത കുടുംബത്തിലേക്ക് സ്വാഗതം

KCSL ഡയറക്ടർ ആയി നിയമിതനായിരിക്കുന്ന ബഹു. വർഗീസ് പാറമേൽ അച്ചന് രൂപത കുടുംബത്തിലേക്ക് സ്വാഗതം.

### *KCSL. 13/2021* അധ്യയനവർഷാരംഭവും സ്വാഗതവും

2021-22 കെ.സി.എസ്.എൽ. അധ്യയന വർഷാരംഭത്തെപ്പറ്റി ആലോചിക്കുന്നതിനായി ജൂൺ 20-ാം തീയതി ഞായറാഴ്ച എക്സിക്യൂട്ടീവ് യോഗവും ആനിമേറ്റേഴ്സ് സംഗമവും ഓൺലൈനിലൂടെ സംഘടിപ്പിച്ചു. സഖ്യത്തിന്റെ ഡയറക്ടർ ആയി നിയുക്തനായിരിക്കുന്ന ബഹു. വർഗീസ് പാറമേൽ അച്ചന് സ്വാഗതമംഗളാശംസകൾ നേർന്നു.

### *KCSL. 14/2021* ഭാരവാഹി തെരെഞ്ഞെടുപ്പ്

യുണിറ്റുകളിലെ അധ്യാപക വിദ്യാർത്ഥി ഭാരവാഹികളുടെ തെരെഞ്ഞെടുപ്പ് സാധിക്കും വിധത്തിൽ നടത്തി ജൂലൈ മാസം 2-ന് മുമ്പ് ഭാരവാഹികളുടെ പേരുവിവരം KCSL ഓഫീസിൽ എത്തിക്കണം.

*Director*

# മാതൃവേദി

*MV 14/2021*

കത്തോലിക്ക കോൺഗ്രസ്സ് കോതമംഗലം രൂപതാസമിതി ന്യൂനപക്ഷ ആനുകൂല്യ സംരക്ഷണത്തിനായി സംഘടിപ്പിച്ച പാനൽ ചർച്ചയിൽ മാതൃവേദി രൂപതാപ്രസിഡന്റും, സെക്രട്ടറിയും പങ്കെടുത്തു സംസാരിച്ചു. രൂപതയിലെ സംഘടനകളുടെ കൂട്ടായ്മയിലേക്ക് രൂപതാ പ്രസിഡന്റ് മിനി ജോസിനെ നോമിനേറ്റ് ചെയ്തു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 23/2021* **Promoters Meeting**

കോതമംഗലം രൂപതയിലെ ദീപിക പ്രമോട്ടേഴ്സിന്റെ യോഗം 26-05-2021-ന് zoom meet വഴി ചേർന്നു. രൂപതാ പ്രസിഡന്റ് ടോം ജെ. കല്ലറയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം ബഹുമാനപ്പെട്ട ദീപിക MD ഫാ. മാത്യു ചന്ദ്രൻകുന്നേൽ ഉദ്ഘാടനം ചെയ്തു. DFC സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ മുഖ്യപ്രഭാഷണം നടത്തി. പ്രമോട്ടർമാർ പത്രത്തിന്റെ സർക്കുലേഷനിലും എഡിറ്റോറിയൽ വിഭാഗത്തിലും വഹിക്കേണ്ട പങ്കിനെപ്പറ്റി സംസ്ഥാന ജോയിന്റ് ഡയറക്ടറും ദീപികയുടെ GM (Circulation) ഉം ആയ ഫാ. ജിനോ പുന്നമറ്റത്തിൽ സംസാരിച്ചു.

തുടർന്നു നടന്ന ചർച്ചയിലെ സംശയങ്ങൾക്കുള്ള മറുപടിയും തുടർപ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും രൂപതാ കോ-ഓഡിനേറ്റർ ഫാ. ജോസ് കിഴക്കേൽ നല്കി. രൂപതാ വനിതാ വിഭാഗം പ്രസിഡന്റ് ശ്രീമതി ഷീല രാജു പാലയ്ക്കലിന്റെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് രൂപതാ ജനറൽ സെക്രട്ടറി ഡിഗോൾ കൊളമ്പേൽ സ്വാഗതം ആശംസിച്ചു. ദീപിക കൊച്ചി യൂണിറ്റ് RM ഫാ. പോൾ മേലേടത്ത്, കോട്ടയം UCM Sri Johnson Vallompurayidom,

Kochi UCM Sri Bino Varghese തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാന ഉപദേശക സമിതി അംഗം ലോറൻസ് ഏനാനിക്കൽ കൃതജ്ഞത പറഞ്ഞു.

*Co-ordinator*

## യുവദീപ്തി - KCYM

### *YD 25/2021* തോമസ് മൂർ ദിനാചരണം

കെ.സി.വൈ.എം.ന്റെ സ്വർഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ ദിനാചരണം 2021 ജൂൺ 22-ന് ആലക്കോട് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ വി. കുർബാന അർപ്പിക്കുകയും യുവജനപ്രതിനിധികൾ കാഴ്ചവയ്പ് നടത്തുകയും ചെയ്തു. കെ.സി.വൈ.എം.ന്റെ സംസ്ഥാനതലത്തിൽ നടത്തപ്പെട്ട തോമസ്മൂർ ദിനാചരണത്തിന് കോതമംഗലം രൂപത ആതിഥേയത്വം വഹിച്ചു. പ്രസ്തുത ചടങ്ങുകളുടെ തത്സമയ സംപ്രേഷണം കെ.സി.വൈ.എം.ന്റെ യൂട്യൂബ് ചാനൽ വഴി നടത്തുകയും നൂറുകണക്കിന് യുവജനങ്ങൾ പങ്കാളികളാവുകയും ചെയ്തു.

### *YD 26/2021* Opertaion "D"

കാലഘട്ടത്തിനൊപ്പം കെ.സി.വൈ.എം. പ്രസ്ഥാനം വളരുകയും നവമാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ രൂപതയിലെ എല്ലാ ഫൊറോനകളിലും യൂണിറ്റുകളിലും നവമാധ്യമങ്ങളിലുള്ള തങ്ങളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി e-mail id യും face book account കളും എല്ലാ ഇടവകകളിലും ഫൊറോനകളിലും ആരംഭിക്കേണ്ടതാണ്. ഇതിലൂടെ മാറിമാറിവരുന്ന ഫൊറോന യൂണിറ്റ് സമിതികൾക്ക് ഈ അക്കൗണ്ടുകൾ ഉപയോഗിക്കുകയും കൃത്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യാം.

### *YD 27/2021* മുഖ്യമന്ത്രിക്ക് പരാതി നൽകി

കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പഠിക്കുവാൻ നിയോഗിച്ച ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷന്റെ നില

വിലെ അവസ്ഥ സംബന്ധിച്ച് യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപത മുഖ്യമന്ത്രി പിണറായി വിജയന് കത്തയച്ചു. കമ്മീഷന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് അടിയന്തിര ഇടപെടലുകൾ നടത്തണമെന്ന്, തൊടുപുഴ MLA ശ്രീ. പി. ജെ. ജോസഫ്, മൂവാറ്റുപുഴ MLA ശ്രീ. മാത്യു കുഴൽനാടൻ, കോതമംഗലം MLA ശ്രീ. ആന്റണി ജോൺ, പെരുമ്പാവൂർ MLA ശ്രീ. എൽദോസ് കുന്നപ്പിള്ളിൽ എന്നിവർക്കും പ്രസ്തുത വിഷയത്തെ സംബന്ധിച്ച് കെ.സി.വൈ.എം. കത്തയച്ചു.

*Director*

## ജീസസ് യൂത്ത്

*JY 35/2021* **Commitment Day**

മെയ് 23-ന് പന്തക്കുസ്താ തിരുനാളിൽ കോതമംഗലം സോണിൽ Commitment Day നടത്തപ്പെട്ടു. 325 പേരോളം Commitment Re-commitment എടുത്തു. Commitment Day യുടെ ഭാഗമായുള്ള thanks giving adoration google meet-ൽ നടന്നു.

*JY 36/2021* **Central Prayer meeting**

എല്ലാ ഞായറാഴ്ചയും വൈകിട്ട് 5 മണിക്ക് Central Prayer Gathering നടക്കുന്നു.

*JY 37/2021* **Household**

മെയ് 29-ാം തീയതിയും ജൂൺ 20-ാം തീയതിയും ജീസസ് യൂത്ത് ഹൗസ്ഹോൾഡ് കൂട്ടായ്മ google meet വഴി നടത്തി. Subzone wise ന്റെ Household നടത്തപ്പെട്ടു.

*JY 38/2021* **Free Charge**

Jesus Youth Kerala Teens Ministry and Campus Ministry is here with a new initiative in association with NallaAyalkaran project. In the grace of God they are presenting a new beginning FREE CHARGE for our little fellows a helping hand to their online classes..!

*JY 39/2021* **Ministry Reconstitution**

വരാൻ പോകുന്ന Ministry Reconstitution -ന്റെ ഇന്റർസെഷൻ ഭാഗമായി 48 മണിക്കൂർ ബൈബിൾ പാരായണം നടത്തപ്പെട്ടു.

*JY 40/2021* **Night Vigil**

May 28 -ന് Zonal Night Vigil നടത്തപ്പെട്ടു. 55 പേരോളം google meet-ൽ നൈറ്റ് വിജിലിന്റെ ഭാഗമായി.

*JY 41/2021* **നല്ല അയൽക്കാരൻ**

നമ്മുടെ സോണിൽ നല്ല അയൽക്കാരൻ പ്രോജക്ടിന്റെ ഭാഗമായി സാമ്പത്തിക സഹായവും ചികിത്സാ സഹായവും നൽകുവാനും ആശാവർക്കേഴ്സ്, പോസ്റ്റുമാൻ തുടങ്ങിയവരെ ആദരിക്കാനും കഴിഞ്ഞു.

*JY 42/2021* **SWAG Final Gathering**

ജീസസ് യൂത്ത് ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ SWAG (Saved With Abundant Grace) final gathering ജൂൺ 12-ന് ഗൂഗിൽ മീറ്റിൽ നടത്തപ്പെട്ടു.

*JY 43/2021* **Core Team Reconstitution**

Nirmala College & Nirmala College of Pharmacy യിലെ campus-ൽ 2021-2022 വർഷത്തെ പുതിയ Jesus Youth Core Team form ചെയ്തു.

*Animator*

---

# പ്രാർത്ഥനാഗ്രൂപ്പ്

*PG 4/2021* **പ്രാർത്ഥന കൂട്ടായ്മ**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ ഈ ലോക്ഡൗൺ കാലത്തിൽ ഓൺലൈനിലൂടെ നടത്തുവാൻ സാധിച്ചു.

ഓൺലൈനിലൂടെ നടത്തിയ പ്രധാനപ്പെട്ട ശുശ്രൂഷകൾ.

1) കോവിഡ് മഹാമാരിയിൽ നിന്നും രക്ഷനേടുന്നതിനായും രോഗികളായവർക്കുവേണ്ടിയും പത്തുമണിക്കൂർ തുടർച്ചയായി മധ്യസ്ഥ പ്രാർത്ഥന നടത്തി. സബ് സോൺ സർവീസ് ടീം നേതൃത്വം നൽകി.

2) 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓൺലൈൻ ധ്യാനം നടത്തുവാൻ സാധിച്ചു. ഈ ധ്യാനത്തിൽ രൂപതയിൽ നിന്നും 300-ൽ അധികം കുട്ടികൾ പങ്കെടുത്തു.

3) ആദ്യകുർബാനയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്കായി മൂന്നു ദിവസത്തെ ധ്യാനം നടത്തുവാൻ കഴിഞ്ഞു. 350 ഓളം കുട്ടികൾ ഈ ധ്യാനത്തിൽ പങ്കെടുത്തു.

4) K.C.C.R.S.T കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ കപ്പിൾസ് സംഗമത്തിൽ രൂപതയിൽ നിന്നും ധാരാളം ദമ്പതികൾ പങ്കെടുത്തു. അഭിവന്ദ്യ റെമിജീയുസ് പിതാവിന്റെ (ബിഷപ്, താമരശേരി രൂപത) ക്ലാസ്സ് പുതിയൊരനുഭവമായതായി പങ്കെടുത്ത ദമ്പതികൾ പങ്കുവച്ചു.

5) LSS (ആത്മാവിലുള്ള ജീവിതം) എന്ന പ്രോഗ്രാം K.C.C.R.S.T യുടെ നേതൃത്വത്തിൽ നടത്തുകയും നീണ്ട ഏഴ് ആഴ്ചത്തെ പരിശീലനത്തിലൂടെ രൂപതയിൽ പത്തുപേരുടെ റിസോഴ്സ് ടീമിന് പരിശീലനം നൽകുകയും തുടർന്ന് 120 പേരുടെ റിസോഴ്സ് ടീമിനെ പരിശീലിപ്പിക്കുവാൻ ഈ ടീമിനെ ഔദ്യോഗികമായി ചുമതലയേൽപ്പിക്കുകയും ചെയ്തു.

6) ശിഷ്യത്വ പരിശീലനത്തിന്റെ ഭാഗമായി സോണിൽ നിന്നും 18 പേർ പങ്കെടുക്കുന്നു. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ടീം ആനിമേറ്റഴ്സിന്റെ നേതൃത്വത്തിൽ ഫോളോഅപ്പും ഷെയറിങ്ങും നടത്തുന്നു.

7) സോണൽ സർവീസ് ടീം മീറ്റിംഗ് മാസത്തിന്റെ ആദ്യ ചൊവ്വാഴ്ചകളിലും, മധ്യസ്ഥ പ്രാർത്ഥന 3-ാമത്തെ ചൊവ്വാഴ്ചയും നട

ത്തുന്നു.

8) സബ് സോൺ സർവീസ്ടീമും, കൂട്ടായ്മകൾ ഓൺലൈനിലൂടെ കഴിയുന്നതും മുടക്കമില്ലാതെ നടത്തുവാൻ പരിശ്രമിക്കുന്നു.

9) അർഹതപ്പെട്ട രോഗികളായവർക്ക് ചികിത്സാസഹായം ചെയ്തു കൊടുക്കുവാൻ സാധിച്ചു.

10) എല്ലാ വെള്ളിയാഴ്ചകളിലും 45 മിനിറ്റ് വീതം ദീർഘിക്കുന്ന പ്രവാചക മധ്യസ്ഥപ്രാർഥന പഠന/പരിശീലന ക്ലാസുകളിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നു. മേൽവിവരിച്ച എല്ലാ ശുശ്രൂഷകൾക്കും രൂപത ഡയറക്ടർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, കോ-ഓർഡിനേറ്റർ ജോൺസൺ കാനത്തിൽ, സർവീസ് ടീം അംഗങ്ങൾ തുടങ്ങിയവർ ചേർന്ന് നേതൃത്വം നൽകുന്നു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 12/2021* **രൂപതാനേതൃസമിതി**

KLM രൂപതാ നേതൃസമിതി ജൂലൈ 10 ശനിയാഴ്ച 3.00 മണിക്ക് zoom meet വഴി ഓൺലൈനായി ചേരും. രൂപത, സോണൽ ഭാരവാഹികൾ പങ്കെടുക്കും.

*KLM 13/2021* **പാലിയേറ്റീവ് റിസോഴ്സ് ടീം മീറ്റിംഗ്**

ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പാലിയേറ്റീവ് റിസോഴ്സ് ടീമിന്റെ കോർഗ്രൂപ്പ് മീറ്റിംഗ് ജൂലൈ 15 വ്യാഴാഴ്ച 10.00 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. കോവിഡ് പശ്ചാത്തലത്തിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യും

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Thanikunnel Alex | **July** | 9 |
| " | Kachiramattom Kuriakose | " | 15 |
| " | Kodakallil Kuriakose | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurayil James | " | 25 |
| " | Karakompil James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| ". | Panachickal James | " | 25 |
| " | Puthiyedath Jacob | " | 25 |
| " | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakel James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**മെയ് 2021**

21 ● ചെറുപുഷ്പ മിഷൻലീഗ് തൊടുപുഴ, മുതലക്കോടം റീജിയണുകളുടെ ഓൺലൈൻ സംഗമത്തിൽ സന്ദേശം നൽകി.

22 ● ചെറുപുഷ്പമിഷൻലീഗ് കോതമംഗലം, മുവാറ്റുപുഴ റീജിയണുകളുടെ ഓൺലൈൻ സംഗമത്തിൽ സന്ദേശം നൽകി.

23 ● യുവദീപ്തി കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ പ്രാർത്ഥനാദിനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

26 ● ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ GEMS ലെ കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നടത്തിയ Kids with their Guardian എന്ന ഓൺലൈൻ പ്രോഗ്രാമിൽ സന്ദേശം നൽകി.

27 ● മൂവാറ്റുപുഴ CMI കാർമ്മൽ പ്രൊവിൻസിലെ 5 വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി.

● ഓൺലൈനായി നടത്തപ്പെട്ട നിർമ്മല, ന്യൂമാൻ കോളേജുകളിലെ HOD മീറ്റിംഗിൽ സന്ദേശം നൽകി.

29 ● ചെറുപുഷ്പമിഷൻലീഗിന്റെ ഓൺലൈൻ രൂപതാമാനേജിംഗ് കമ്മിറ്റിയിൽ സന്ദേശം നൽകി.

31 ● രൂപതാ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് ബ്രദർ ജോസഫ് കാരക്കുന്നേൽ, ബ്രദർ ജോസഫ് കുഞ്ചിറക്കാട്ട്, ബ്രദർ ജോർജ് മാതേയ്ക്കൽ എന്നിവർക്ക് വൈദിക വസ്ത്രം നല്കി.

● ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ അഖണ്ഡജപമാലയുടെ സമാപനദിനത്തിൽ സന്ദേശം നൽകി.

● SABS സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ 'Jesus Kids' പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം

നൽകി.

**ജൂൺ 2021**

1-3 ● ഓൺലൈനായി നടത്തപ്പെട്ട KCBC മീറ്റിംഗിൽ പങ്കെടുത്തു.

6 ● വിശ്വാസപരിശീലനത്തിന്റെ രൂപതാതല ഉദ്ഘാടനത്തോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു സന്ദേശം നൽകി.

● ചെറുപുഷ്പ മിഷൻലീഗിന്റെ ഓൺലൈനായി നടത്തപ്പെട്ട രൂപതാവാർഷിക കൗൺസിലിൽ പങ്കെടുത്ത് പ്രവർത്തനവർഷം ഉദ്ഘാടനം നടത്തി.

11 ● മാറിക ഇടവകാംഗമായ ബഹു. ഫ്രാൻസിസ് നന്ദളത്ത് അച്ചന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 ● സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കർഷക പെൻഷനെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സിൽ പങ്കെടുത്തു.

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | ” | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | ” | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr.) | ” | 07-08-2002 |
| ഫാ. ജോർജ്ജ് എടാട്ടേൽ | ” | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | ” | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | ” | 25-08-1984 |
| ഫാ. ജോൺ കൊടിയമ്മാനാൽ | ” | 25-08-2020 |
| ഫാ. ജോസ് കോടമുള്ളിൽ | ” | 28-08-2015 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | ” | 31-08-2000 |

# നിര്യാതയായി

## സി. ഗോൺസാൽവസ് CMC (പുതുശ്ശേരി)

| | | |
|---|---|---|
| ഇടവക | - | കോതമംഗലം |
| ജനനം | - | 08-05-1931 |
| ആദ്യവ്രതം | - | 02-02-1954 |
| നിത്യവ്രതം | - | 16-05-1958 |
| മരണം | - | 05-06-2021 |
| മൃതസംസ്കാരം | - | 06-06-2021 |

(മൂവാറ്റുപുഴ ഹോളി മാഗി, ചർച്ച്)

## സി ക്ലാവരീന CMC (ആക്കപ്പെടിയ്ക്കൽ)

| | | |
|---|---|---|
| ഇടവക | - | കല്ലാനിയ്ക്കൽ |
| ജനനം | - | 15-12-1925 |
| ആദ്യവ്രതം | - | 03-02-1948 |
| നിത്യവ്രതം | - | 01-01-1956 |
| മരണം | - | 27-06-2021 |
| മൃതസംസ്കാരം | - | 27-06-2021 (മാലിപ്പാറ ചർച്ച്) |

# മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ



ജനനം : 11–08–1945
പൗരോഹിത്യം : 21–12–1969

കോലടി ഇടവകാംഗമായ ബഹു. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അച്ചൻ 1945–ൽ ജനിച്ചു. കോതമംഗലം മൈനർ സെമിനാരി, ആലുവ മംഗലപ്പുഴ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം പൂർത്തിയാക്കിയതിനുശേഷം 1969–ൽ വൈദികനായി അഭിഷിക്തനായി. കത്തീഡ്രൽ പള്ളിയുടെ അസ്തേന്തിയായി സേവനം ആരംഭിച്ച ബഹു. അച്ചൻ മുവാറ്റുപുഴ ഹോളിമാഗി (1996–1999), കത്തീഡ്രൽ (2005–2008) എന്നീ പള്ളികളുടെ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ നിർമ്മല സ്കൂളിൽ അദ്ധ്യാപകൻ, വാർഡൻ, ജീവജ്യോതി ഡയറക്ടർ, മാതൃദീപ്തി, ഫാമിലി അപ്പോസ്റ്റലേറ്റ് സംഘടനകളുടെ രൂപതാഡയറക്ടർ, മാർ മാത്യൂസ് പ്രസ് മാനേജർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം ചെയ്തു. 1979–82 കാലഘട്ടത്തിൽ P.O.C. യിൽ K.C.B.C. ബൈബിൾ കമ്മീഷൻ ജോയി ന്റ് സെക്രട്ടറിയായിരുന്ന അച്ചൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട P.O.C. സമ്പൂർണ്ണ ബൈബിളിന്റെ എഡിറ്റർമാരിൽ ഒരാളായിരുന്നു. റോമിലെ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബൈബിളിൽ ഡോക്ടറേറ്റ് നേടിയ അച്ചൻ 1999–ൽ ആലുവ മംഗലപ്പുഴ സെമിനാരിയിൽ പ്രൊഫസ്സറായും 2000–2005 കാലഘട്ടത്തിൽ റെക്ടറായും സേവനം ചെയ്തു. റോമിൽ Major Archiepiscopal Procurator (2007-2011) ആയി സേവനം ചെയ്തു. 2009–ൽ മോൺസിഞ്ഞോർ പദവി ലഭിച്ചു. 2011–ൽ ജർമ്മനിയിൽ ശുശ്രൂഷയ്ക്കായി പോയ അച്ചൻ 2017–ൽ തിരികെയെത്തി രൂപതയുടെ വികാരിജനറാളായി സ്തുത്യർഹമായ സേവനം ചെയ്തു. ബഹു. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അച്ചൻ രൂപതയ്ക്കും സഭയ്ക്കും നല്കിയ സമാനതകളില്ലാത്ത സേവനത്തിന് രൂപതാ കുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു. അച്ചന്റെ തുടർന്നുള്ള ജീവിതത്തിൽ എല്ലാവിധ നന്മയും ആയുരാരോഗ്യവും നേരുന്നു.

## റവ. ഫാ. ജോസഫ് മക്കോളിൽ




ജനനം : 29–12–1945

പൗരോഹിത്യം : 21–12–1973

ആയവന ഇടവകാംഗമായ ബഹു. ജോസഫ് മക്കോളിൽ അച്ചൻ കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി 1973–ൽ മാർ മാത്യൂ പോത്തനാമുഴി പിതാവിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. മുതലക്കോടം, തൊടുപുഴ പള്ളികളുടെ അസ്തേന്തിയായി ശുശ്രൂഷ ചെയ്ത അച്ചൻ പെരുമ്പള്ളിച്ചിറ, തൃക്കാരിയൂർ, മൂവാറ്റുപുഴ, നെല്ലിമറ്റം, വണ്ടമറ്റം, തൊടുപുഴ വിജ്ഞാനമാതാ പള്ളികളുടെ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മുതലക്കോടം അക്വീനാസ് കോളേജിൽ 7 വർഷം അധ്യാപകനായും വൈസ് പ്രിൻസിപ്പലായും സേവനം ചെയ്തു. രൂപതയുടെ Vocation Promoter ആയും മിഷൻലീഗ്, കെ.സി.എസ്.എൽ. സംഘട നകളുടെ രൂപതാ ഡയറക്ടറായും സേവനം ചെയ്തു. മലയാളസാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അച്ചൻ 18 വർഷം വടവാതൂർ സെമിനാരിയിൽ അദ്ധ്യാപകനായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ജീസസ് ഫ്രെട്ടേണിറ്റിയുടെ തുടക്കക്കാരിൽ ഒരാൾ എന്ന രീതിയിൽ ശ്രദ്ധേയനാണ്. ജീസസ് ഫ്രെട്ടേണിറ്റിയുടെ ആദ്യത്തെ ഡയറക്ടറായും 6 വർഷം സേവനം ചെയ്തു. അക്കാലത്ത് ജയിൽ വിമോചിതരുടെ പുനരധിവാസത്തിനുവേണ്ടി 14 കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഒപ്പം 18 വർഷം ജീസസ് ഫ്രെട്ടേണിറ്റിയുടെ സെമിനാരി ഡയറക്ടറായും സേവനം ചെയ്തു. തുടർന്ന് 2003 മുതൽ 2006 വരെ കോതമംഗലം രൂപത മൈനർ സെമിനാരി റെക്ടറായിരുന്നു. ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ ആത്മാർത്ഥതയോടെ ചെയ്തും, സമീപിക്കുന്നവരെ സന്തോഷത്തോടെ പരിഗണിച്ചും രൂപതയ്ക്കും സഭയ്ക്കും നല്ല സേവനം ചെയ്ത അച്ചന്റെ എല്ലാ ശുശ്രൂഷകളും നന്ദിയോടെ സ്മരിക്കുകയും തുടർന്നുള്ള പൗരോഹിത്യജീവിതത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# റവ. ഫാ. ജോസഫ് കണ്ടത്തിൽ



ജനനം : 05–12–1945
പൗരോഹിത്യം : 19–12–1971

ആരക്കുഴ ഇടവകാംഗമായ ബഹു. ജോസഫ് കണ്ടത്തിൽ അച്ചൻ കോതമംഗലം മൈനർ സെമിനാരി, ആലുവ മംഗലപ്പുഴ സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം നേടി. 1971–ൽ പുരോഹിതനായി അഭിഷിക്തനായി. കൂമ്പൻപാറ, മാങ്കുളം, വട്ടയാർ പള്ളികളുടെ അസ്തേന്തിയായി സേവനം ആരംഭിച്ച ബഹു. കണ്ടത്തിൽ അച്ചൻ മാങ്കുളം, ആനക്കുളം, തൊവരയാർ, മരിയാപുരം, കാവക്കാട്, നീണ്ടപാറ, ഞായപ്പിള്ളി, മുക്കുടം, പൊട്ടൻകാട്, വാഴക്കാല, മാറാടി, വണ്ടമറ്റം, പെരുമ്പിള്ളിച്ചിറ, നടുക്കര, കോടിക്കുളം പള്ളികളുടെ വികാരിയായി സ്തുത്യർഹമായ സേവനം ചെയ്തു. മികച്ച സംഘാടകനും പ്രസംഗകനുമായ അച്ചൻ സേവനം ചെയ്ത ഇടവകകളിലെല്ലാം ഇടവകജനങ്ങളെ ഒരുമിച്ച് ചേർക്കാനും ഇടവകജനങ്ങളുടെ സഹായ ത്തോടെ നവീകരണപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും ഏറെ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇടവക അജപാലന ശുശ്രൂഷയിൽനിന്ന് വി രമിക്കുന്ന ബഹു. ജോസഫ് കണ്ടത്തിൽ അച്ചൻ അവിഭക്ത കോതമംഗലം രൂപതയ്ക്ക് നല്കിയ വിലമതിക്കാനാവാത്ത സേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും അച്ചന്റെ തുടർന്നുള്ള ജീവിതത്തിൽ ആയുരാരോഗ്യവും ദൈവാനുഗ്രഹവും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# റവ. ഫാ. മാത്യു വടക്കുംപാടത്ത്



ജനനം : 05 – 09 – 1945

പൗരോഹിത്യം : 21 – 12 – 1973

കോതമംഗലം മൈനർ സെമിനാരി, ആലുവ മംഗലപ്പുഴ സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കി 1973 – ൽ പൗരോഹിത്യം സ്വീകരിച്ച ബഹു. മാത്യു അച്ചൻ ആയവന ഇടവകാംഗമാണ്. കരിമണ്ണൂർ, പാറത്തോട് പള്ളികളുടെ അസ്തേന്തിയായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. പെരിഞ്ചാംകുട്ടി, തോക്കുപാറ, പെരുമണ്ണൂർ, പനംകുട്ടി, തൊമ്മൻകുത്ത്, നെടിയകാട്, വെള്ളത്തൂവൽ, ഞായപ്പിള്ളി, കുണിഞ്ഞി, വെളിയേൽച്ചാൽ, കലൂർ, വണ്ണപ്പുറം, വാഴക്കാല പള്ളികളുടെ വികാരിയായി സ്തുത്യർഹമായ സേവനം ചെയ്തു. കൂമ്പൻപാറ ഫൊറോനയിലെ Family Welfare Apostolate ന്റെ പ്രൊമോട്ടറായും മാറികയിലെ Regional Vocation Promoter ആയും പ്രവർത്തിച്ചിട്ടുണ്ട്. മികച്ച ഒരു അജപാലകൻ എന്ന നിലയിലും പ്രഗത്ഭനായ സംഘാടകൻ എന്ന നിലയിലും അവിഭക്ത കോതമംഗലം രൂപതയ്ക്ക് ബഹു. മാത്യു അച്ചനിലൂടെ ലഭിച്ച നന്മകളെ നന്ദിയോടെ അനുസ്മരിക്കുകയും അച്ചന്റെ തുടർന്നുള്ള പൗരോഹിത്യജീവിതത്തിൽ എല്ലാ ദൈവാനുഗ്രഹവും ആയുരാരോഗ്യവും ആശംസിക്കുകയും ചെയ്യുന്നു.

# സ്വാഗതം



ഫാ. പയസ് മലേക്കണ്ടത്തിൽ



ഫാ. ജോസ് പുൽപ്പറമ്പിൽ



ഫാ. ജോസ് കുളത്തൂർ

രൂപതയുടെ സിഞ്ചെല്ലൂസായി നിയമിതനായ ബഹു. പയസ് മലേക്കണ്ടത്തിൽ അച്ചനും രൂപതയുടെ പ്രൊക്കുറേറ്ററായി നിയമിതനായ ബഹു. ജോസ് പുൽപ്പറമ്പിൽ അച്ചനും രൂപതയുടെ ചാൻസിലറായി നിയമിതനായ ബഹു. ജോസ് കുളത്തൂർ അച്ചനും രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

Deivarajyam July 2021

●R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/6/2021

●Posted at Thodupuzha Stg.

Annual Subscription ₹ 100.00



St. Thomas



Apostolates



Sts. Kuriakose & Julieta



St. Benedict



Our Lady of Mount Carmel




St. Jacob




St. Joachim & Anna



St. Alphonsa




St. Ignatius of Loyola

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691